JESUS REDEEMS MINISTRIES

# യുവജനലോകം

മാർച്ച് 2025



തടസ്സങ്ങളും കാലതാമസവും നിങ്ങളെ തടഞ്ഞാലും,
നിശ്ചലമായി നിൽക്കാതെ

# ഉയരത്തിൽ പറക്കണം

# ആമുഖം

പ്രിയപ്പെട്ട യൗവനക്കാരെ!

നിങ്ങളെ അനുദിനം നേട്ടക്കാരായി രൂപാന്തരപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് സ്തോത്രം!

ഈ മാസം വിദ്യാർത്ഥികൾക്ക് തങ്ങളുടെ പരീക്ഷയെക്കുറിച്ചും ഭാവിയെക്കുറിച്ചും ഭയവും വളരെ പ്രതീക്ഷകളുമുള്ള മാസമായി മാറിയിരിക്കുന്നു.

തീർച്ചയായും കർത്താവ് നിങ്ങൾ ആഗ്രഹിക്കുന്ന വിജയം നൽകി നിങ്ങളെ അനുഗ്രഹിക്കും. കർത്താവ് പരീക്ഷാ ദിവസങ്ങളിൽ മാത്രം സഹായിക്കുന്ന ദൈവമല്ല! ജീവിതാവസാനം വരെ നിങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ഉയർത്തി മാനിക്കുകയും ചെയ്യുന്നു.

ഇന്ന് എല്ലാ യൗവനക്കാരും ഉയരത്തിൽ പറക്കാനുള്ള ആഗ്രഹത്തോടെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ പെട്ടെന്ന് പറന്നുയരണം എന്ന ചിന്ത അവരെ പല തെറ്റായ വഴികളിലേക്കും നയിക്കുന്നു.



**ലോകം ഇന്ന് പറയുന്ന Tagline....**

- "സത്യസന്ധത ഇല്ലാതെ ജീവിക്കാം"
- "അദ്ധ്വാനം ഇല്ലാതെ ഉയർച്ച പ്രാപിക്കാം"
- "പ്രയത്നം ഇല്ലാതെ വിജയിക്കാം"
- "പരിശീലനമില്ലാതെ പറക്കാം"
- "എന്തും നിങ്ങളുടെ ഇഷ്ടമനുസരിച്ച് ആസ്വദിക്കാം"

**എന്നിങ്ങനെയുള്ള വാക്കുകൾ നിങ്ങളെ പ്രോത്സാഹിപ്പിക്കും.**

**ഇന്ന് ചില യൗവനക്കാർ ഇവ പിന്തുടരുകയും കെണിയിൽ അകപ്പെടുകയും, തങ്ങളുടെ ജീവിതത്തിൽ ഉയരത്തിൽ പറക്കേണ്ടവർ, വഴിതെറ്റി ട്രാക്കിൽ നിന്ന് വീഴുകയും ചെയ്യുന്നു.**

## ഇങ്ങനെ ലോകത്തിന് പിന്നാലെ പോയി വീണുപോയ യൗവനക്കാരെക്കുറിച്ച് നിങ്ങൾക്ക് ആശങ്കയും ഭാരവും ഉണ്ടോ?

അവരുടെ ജീവിതം യേശുവിനോടൊപ്പം ആകുമ്പോൾ വലിയ രൂപാന്തരം ഉണ്ടാകുമെന്നതിൽ സംശയമില്ല. അത്തരം യുവ സമൂഹത്തോട് യേശുവിന്റെ സ്നേഹം അറിയിക്കുവാൻ, നിങ്ങൾ ശക്തി പ്രാപിച്ചിരിക്കണം.

അതുകൊണ്ട് നിങ്ങൾ കാത്തിരുന്ന്, ശക്തിയും സ്ഥിരതയും പ്രാപിച്ച് കർത്താവിനുവേണ്ടി എഴുന്നേറ്റ് പ്രയോജനപ്പെടുവിൻ. ഈ യൗവനസമൂഹത്തെ കർത്താവ് നിങ്ങളെ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്നു. അതിനുവേണ്ടിയാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്. അഭിഷേകം നൽകിയിരിക്കുന്നത്. ശക്തിപ്പെടുത്തിയിരിക്കുന്നത്. മാനസാന്തരത്തിന്റെ ഉണർവ് ആരംഭിച്ചിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചാൽ, യൗവനസമൂഹത്തിൽ വലിയൊരു മാനസാന്തരം കാണുവാൻ കഴിയും. കർത്താവ് നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

*ക്രിസ്തുവിന്റെ വേലയിൽ*
*മോഹൻ സി. ലാസറസ്*

# ഇത് അല്ല Trendu...!



ഹലോ സ്നേഹിതരെ, എങ്ങനെയിരിക്കുന്നു? നിങ്ങളുടെ നിലവിലെ ട്രെൻഡ് ഇപ്പോഴും ട്രെൻഡായി തന്നെ യിരിക്കുന്നുവോ? ഈ വർഷം നാം 1 തിമൊഥെയൊസ് 4:12 -ാം വചനത്തെ കേന്ദ്രീകരിച്ച്, ക്രൈസ്തവരായ യൗവനക്കാർ മറ്റുള്ളവർക്ക് എങ്ങനെ മാതൃകയായിരിക്കണം എന്നതിനെക്കുറിച്ചുള്ള പല കാര്യങ്ങളും ചിന്തിച്ചുവരുന്നു. കഴിഞ്ഞ മാസം നാം വചനപ്രകാരം എങ്ങനെ മാതൃകയാകാം എന്നതിനെക്കുറിച്ച് ധ്യാനിച്ചു. ഈ മാസം നടപ്പിൽ എങ്ങനെ മാതൃകയായിരിക്കണം എന്നതിനെക്കുറിച്ച് ചിന്തിക്കാം.

## നടക്കേണ്ടുന്ന വിധം

"യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക; യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക; എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക" (സഭാപ്രസംഗി 11:9). നാം Youth stage ലേക്ക് കടക്കുമ്പോൾ, എല്ലാവരും എന്നെ നോക്കണം, ഞാൻ ചെയ്യുന്ന കാര്യങ്ങൾ എല്ലാവരും പ്രശംസിക്കണം, എന്നെ തന്നെ ഹീറോയും ഹീറോയിനുമായി പ്രദർശിപ്പിക്കണം എന്നിങ്ങനെ പല കാര്യങ്ങൾ നമുക്ക് തന്നെ തോന്നും. നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം ന്യായമാണ്! എന്നാൽ അത് നിമിത്തം ഉണ്ടാകുന്ന അനന്തരഫലങ്ങളെക്കുറിച്ചും ചിന്തിക്കണം.

പ്രത്യേകിച്ച് ഇന്നത്തെ യൗവനക്കാരുടെ മദ്ധ്യത്തിൽ അവർ ധരിക്കുന്ന വസ്ത്രങ്ങൾക്കാണ് (fashionable clothing) ഏറെ പ്രാധാന്യമുള്ളത്. അത് മറ്റുള്ളവരെ ആകർഷിക്കുന്ന നിറമായിരിക്കും! നിങ്ങൾ modern വസ്ത്രം ധരിക്കുന്നതിൽ തെറ്റില്ല. എന്നാൽ അത് modest ആയിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ പെരുമാറ്റം, വസ്ത്രധാരണം, നോട്ടം എല്ലാം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. നാം ധരിച്ചിരിക്കുന്ന വസ്ത്രം കൊണ്ടോ, നമ്മുടെ പ്രവൃത്തികൾ കൊണ്ടോ മറ്റുള്ളവർക്ക് ഇടർച്ച വരുത്തി പാപം ചെയ്യുവാൻ ഇടയാക്കരുത്.

പ്രിയപ്പെട്ട കർത്താവിന്റെ മക്കളെ, സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല എന്ന് പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു. Fashion എന്ന പേരിൽ നാം ചെയ്യുന്ന പ്രവർത്തികൾ നമ്മുടെ ഭാവിയെ പ്രതികൂലമായി ബാധിക്കും. യൗവനപ്രായത്തിൽ സ്നേഹിതരാണ് ലോകം എന്ന് തോന്നും. എന്നാൽ നാം എങ്ങനെയുള്ള friendship -ലായിരിക്കുന്നു എന്നത് വളരെ പ്രധാനമാണ്. എന്റെ Friends മദ്യപിക്കുന്നു; അതുകൊണ്ട് ഞാനും മദ്യപിക്കുന്നു, എന്റെ Friends പച്ച കുത്തുന്നു; ഞാനും പച്ച കുത്തുന്നു, എന്റെ Friends ചെയ്യുന്നതുപോലെയൊക്കെയും ഞാനും ചെയ്യുന്നു എന്നാൽ അത് തെറ്റാണ്. അവർ ലൗകീകരാണ്. നാം ദൈവത്തിന്റെ ആലയമാണ്. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്ന് വചനത്തിൽ പറയുന്നു.

പ്രിയ യൗവനക്കാരേ! നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ എന്ന് വചനം പറയുന്നു (1പത്രൊസ് 1:15). എല്ലാ ദിവസവും നിങ്ങൾ പ്രാർത്ഥിക്കുകയും വചനങ്ങൾ ധ്യാനിക്കുകയും ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ വിശുദ്ധീകരിക്കും. നിങ്ങൾ കർത്താവിനുവേണ്ടി വ്യക്തിപരമായ ട്രെൻഡിന് രൂപം നൽകും! നമ്മിലൂടെ അനേകർ അനുഗ്രഹിക്കപ്പെടും. നാം ക്രിസ്തുവിന്റെ ജനമായിരിക്കുകയും കർത്താവിന്റെ മാതൃക പിന്തുടരുകയും ചെയ്താൽ, നാം നമ്മുടെ ദേശത്തിന് പ്രയോജനമാകും. കർത്താവിന്റെ നാമത്തിന് മഹത്ത്വമുണ്ടാകട്ടെ.

അപ്പോൾ നമ്മുടെ നടപ്പ് കർത്താവിന് പ്രസാദകരമായിരിക്കുന്നുവോ, നമ്മുടെ നടപ്പ് ക്രിസ്തുവിനെ വെളിപ്പെടുത്തുന്നുവോ? അതോ നമ്മുടെ നടപ്പ് നിമിത്തം ക്രിസ്തു ദുഷിക്കപ്പെടുന്നുവോ എന്ന് ചിന്തിച്ചു നമുക്ക് നമ്മുടെ നടത്തം ശ്രദ്ധയോടെ സൂക്ഷിക്കാം. തീർച്ചയായും കർത്താവ് നിങ്ങളോടുകൂടെയിരുന്ന്, നിങ്ങളുടെ ജീവിതം ധന്യമാക്കും.



# കാഴ്ചയില്ല!! എന്നാലും ഉയരങ്ങൾ കീഴടക്കി!!




**യേശുവിനെ അറിയാത്ത കുടുംബത്തിൽ, അന്ധനായി ജനിച്ച്, വെല്ലുവിളികളെ അതിജീവിച്ച്, എനിക്കും സാധിക്കും എന്ന വിശ്വാസത്തോടെ പഠിച്ച്, ബിരുദം പൂർത്തിയാക്കി, കായികരംഗത്ത് താൽപ്പര്യം പ്രകടിപ്പിച്ച്, ഇന്ത്യക്ക് വേണ്ടി കളിച്ച്, ഇന്ന് ഒരു ഉന്നത ഉദ്യോഗസ്ഥനായിരിക്കുന്ന സഹോദരൻ മഹാരാജയുടെ ജീവിതം ഇതാ നിങ്ങൾക്കായി...**

### നിങ്ങളുടെ കുടുംബത്തെക്കുറിച്ചും ബാല്യത്തെക്കുറിച്ചും പറയാമോ?

ഞാൻ തൂത്തുക്കുടി ജില്ലയിലെ ദുരൈസാമിപുരം എന്ന ഗ്രാമത്തിൽ ശ്രീമാൻ. ശിവസുബ്രഹ്മണ്യൻ, ശ്രീമതി. ഷൺമുഖി എന്നിവരുടെ മൂന്നാമത്തെ മകനായി ജനിച്ചു. എനിക്ക് രണ്ട് മുതിർന്ന സഹോദരന്മാരുണ്ട്. ഞാൻ ജന്മനാ അന്ധനായിരുന്നു. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ കാഴ്ചയുള്ളവർ പഠിക്കുന്ന സ്കൂളിലാണ് പഠിച്ചിരുന്നത്. അതിനുശേഷം തിരുനെൽവേലി ജില്ലയിലെ പാളയംകോട്ട അന്ധവിദ്യാലയത്തെക്കുറിച്ച് കേട്ടറിഞ്ഞ്, 2009ൽ ആ സ്കൂളിൽ ചേർന്നു. അവിടെ പോയപ്പോൾ അന്ധർ പഠിക്കുന്ന ബ്രെയിൽ ലിപി പഠിക്കണം എന്ന് പറഞ്ഞു. ഒന്നാം ക്ലാസ് മുതൽ പഠിച്ചാൽ മാത്രമേ അത് മനസ്സിലാവുകയുള്ളൂ എന്ന് അദ്ധ്യാപകർ ഉപദേശിച്ചു. ഞാൻ അത് സന്തോഷത്തോടെ സ്വീകരിച്ച് വീണ്ടും ഒന്നാം ക്ലാസ് മുതൽ വിദ്യാഭ്യാസം ആരംഭിച്ചു.

എന്റെ കുടുംബം യേശുവിനെ അറിയാത്ത കുടുംബമാണ്. ഈ സ്കൂളിൽ വന്നതിന് ശേഷമാണ് കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച് അറിയുന്നത്. കുട്ടിക്കാലം മുതൽ ദൈവത്തിൽ വിശ്വാസമില്ലാതിരുന്ന എനിക്ക്,







യേശുക്രിസ്തുവിനെക്കുറിച്ച് കേട്ടതിനുശേഷം, ഹൃദയത്തിനുള്ളിൽ ഒരു വിശ്വാസവും താൽപര്യവും ഉണ്ടാവുകയും, കർത്താവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. ഇങ്ങനെ ദിവസങ്ങൾ കഴിഞ്ഞുപോയപ്പോൾ എന്റെ ആവശ്യങ്ങളെല്ലാം യേശുവിനോട് ചോദിക്കുവാൻ തുടങ്ങി. കർത്താവ് എന്റെ ആവശ്യം അറിഞ്ഞ് ഓരോന്നായി നൽകി അനുഗ്രഹിച്ചു.

**സൂപ്പർ .... കുട്ടിക്കാലത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും അറിഞ്ഞു... നിങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാമോ?**

ഒന്നാം ക്ലാസ് മുതൽ സ്കൂൾ പഠനം അവസാനിക്കുന്നതുവരെ ഞാൻ തന്നെയായിരുന്നു ക്ലാസിലെ ഒന്നാമൻ . 2018ൽ 10-ാം ക്ലാസ് പൊതുപരീക്ഷ എഴുതാൻ പോകുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട Achievers meetingൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടണം എന്ന ആഗ്രഹത്തോടെ പ്രാർത്ഥിക്കുകയും പരീക്ഷയെഴുതുകയും ചെയ്തു. പക്ഷേ ഞാൻ ആഗ്രഹിച്ചത് എനിക്ക് ലഭിച്ചില്ല. കർത്താവ് എനിക്കുവേണ്ടി മറ്റൊരു പദ്ധതി ഒരുക്കിയിരിക്കുന്നു എന്ന് അപ്പോൾ എനിക്ക് മനസ്സിലായില്ല. ആ പരീക്ഷയിൽ ഞാൻ സ്കൂളിൽ ഏഴാം സ്ഥാനക്കാരനായി. അങ്ങനെ ഞാൻ കുറെശ്ശെ കുറെശ്ശെ കർത്താവിൽ നിന്നും അകലുവാൻ തുടങ്ങി. അതിനുശേഷം എനിക്ക് പഠനത്തോടുള്ള താൽപര്യവും കുറഞ്ഞു. പതിനൊന്നാം ക്ലാസിൽ ഞാൻ രണ്ടാം സ്ഥാനം നേടി.

2022ൽ ഞാൻ 12-ാം ക്ലാസിൽ പഠിക്കുമ്പോൾ വീണ്ടും അതേ Achievers meetingൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവ് എന്റെ പ്രാർത്ഥന കേട്ട് 600ൽ 521 മാർക്ക് നൽകി സ്കൂളിൽ ഒന്നാം സ്ഥാനത്തെ വിദ്യാർത്ഥിയാക്കി. കൂടാതെ മധുരയിലെ ഒരു കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദവും നേടി. കോളേജ് വിദ്യാഭ്യാസകാലത്തിൽ പിതാവിന്റെ മരണവും മറ്റ് പല ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നു. എന്നിട്ടും യേശു എന്നെ കൈവിട്ടില്ല. പഠനം തുടരുവാൻ കർത്താവ് എന്നെ സഹായിച്ചു. ഞാൻ ആഗ്രഹിച്ച ചില കാര്യങ്ങൾ എന്നിൽ നിന്നും മാറ്റപ്പെട്ടെങ്കിലും, ക്രിക്കറ്റ് കളിയോടുള്ള അഭിനിവേശം നൽകി എന്നെ പുതിയ ഉയരങ്ങളിലെത്തിച്ചു. അതുമാത്രമല്ല Good Samaritan മുഖാന്തരം ധാരാളം സഹായങ്ങളും ലഭ്യമായി. അത് എനിക്ക് വളരെ സഹായകമായിരുന്നു.

**അന്ധരും നിരക്ഷരരുമായ വിദ്യാർത്ഥികളുടെ മധ്യത്തിലാണ് നിങ്ങൾ ബിരുദ പഠനം നടത്തിയത്...... ക്രിക്കറ്റ് നിങ്ങളെ ഉയർത്തിയെന്ന് പറഞ്ഞല്ലോ... എങ്ങനെയാണ് ക്രിക്കറ്റിനോട് താൽപര്യമുണ്ടായത്?**

അന്ധവിദ്യാലയത്തിൽ വിദ്യാഭ്യാസത്തോടൊപ്പം കായികവും പഠിപ്പിച്ചിരുന്നു. ഞാനും വളരെ ആവേശത്തോടെ കളിക്കാൻ തുടങ്ങി. പ്രത്യേകിച്ച് അന്ധർ കളിക്കുന്ന ക്രിക്കറ്റ് കളി ആഗ്രഹത്തോടെ




പഠിച്ചു. അന്ധർക്കായുള്ള ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യ ലോകകപ്പ് നേടിയെന്ന് ഒരിക്കൽ എന്റെ ഒരു അദ്ധ്യാപകൻ പത്രത്തിൽ വായിക്കുന്നത് ഞാൻ കേട്ടിരുന്നു. അപ്പോഴാണ് എനിക്കും ഇന്ത്യൻ ബ്ലൈൻഡ് ക്രിക്കറ്റ് ടീമിൽ കളിക്കണം എന്ന ആഗ്രഹം ഉണ്ടായത്. ആ വാർത്ത കേട്ടയുടനെ കർത്താവ് എന്നോട് കൂടെയിരിക്കുന്നു എന്ന വിശ്വാസത്തോടെ, ഞാനും ഒരു ദിവസം ഇന്ത്യൻ ടീമിൽ കളിക്കുമെന്നും തീർച്ചയായും ഒരിക്കൽ നിങ്ങൾ അതിനെക്കുറിച്ച് പത്രത്തിൽ വായിക്കുമെന്നും എന്റെ ടീച്ചറിനോട് പറഞ്ഞു.

അവിശ്വസനീയമായ ആ ദൗത്യം ദൈവകൃപയാൽ ഞാൻ വിചാരിച്ച സമയത്തിനുള്ളിൽ കർത്താവ് എനിക്ക് ചെയ്തുതന്നു. അതിലും പ്രധാനമായി, കുട്ടിക്കാലത്ത് പത്രത്തിൽ വായിച്ച ഒരു കളിക്കാരനുമായി ഇന്ത്യൻ ടീമിൽ കളിക്കാനും എനിക്ക് അവസരം ലഭിച്ചു.

കോളേജിൽ പഠിക്കുമ്പോൾ ഇന്ത്യൻ ടീമിനായി കളിക്കാനുള്ള ടെസ്റ്റിൽ പങ്കെടുത്ത് അതിൽ വിജയിക്കുകയും ആദ്യമായി ഇന്ത്യൻ ടീമിനായി കളിക്കാൻ പരിശീലനം നേടുകയും ചെയ്തു. TamilNadu Blind association ന് കീഴിൽ കളിച്ചുകൊണ്ടിരുന്ന എന്നെ, Cricket Association for Blind in India ടെസ്റ്റിന് ക്ഷണിച്ചു, നന്നായി കളിച്ചതുകൊണ്ട് ഇന്ത്യൻ ടീമിലേക്ക് എന്നെ തിരഞ്ഞെടുത്തു.

അതുമാത്രമല്ല, ആദ്യമായി 2023ൽ ഇന്ത്യൻ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും, ഇംഗ്ലണ്ടിൽ നടന്ന ലോകതല ടൂർണമെന്റിൽ വെള്ളി മെഡൽ നേടുകയും ചെയ്തു. ഇപ്പോൾ Tamil Nadu salt corporation എന്ന കമ്പനിയിൽ labour welfare officer ആയി



ജോലി ചെയ്യുന്നു. ഒരു മാസം പതിനായിരം രൂപയ്ക്ക് കഷ്ടപ്പെട്ടിരുന്ന ഞങ്ങളുടെ കുടുംബത്തെ, ഇപ്പോൾ ചിന്തിക്കുവാൻ കഴിയാത്ത രീതിയിൽ കർത്താവ് ഉയരത്തിലെത്തിച്ചിരിക്കുന്നു.

**യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?**

കർത്താവിനെ വിശ്വസിക്കുന്നവർ ഒരുനാളും കൈവിടപ്പെടുകയില്ല. നിങ്ങളും കർത്താവിനെ വിശ്വസിക്കുവിൻ! കർത്താവ് നിങ്ങളെ ഉയർന്ന സ്ഥാനങ്ങളിൽ എത്തിക്കും. എന്നാൽ അതിനുവേണ്ടി നിങ്ങൾ പരിശ്രമിക്കുകയും, കഠിനാദ്ധ്വാനം ചെയ്യുകയും വേണം. വിജയവും പരാജയവും കർത്താവിന്റെ കരങ്ങളിലാണ്. നിങ്ങൾ കർത്താവിനുവേണ്ടി സമയം നൽകുകയും, യേശുവിനെ അനുഗമിക്കുകയും ചെയ്താൽ, തീർച്ചയായും കർത്താവ് നിങ്ങളെ ഉയർത്തി മാനിക്കും.

**പ്രിയ യുവജനങ്ങളെ! ജന്മനാ അന്ധനായിരുന്ന സഹോദരൻ മഹാരാജയെ ഇത്രയും വലിയ പദവിയിലേക്ക് ഉയർത്തുവാൻ കഴിഞ്ഞുവെങ്കിൽ, നിങ്ങളെ ഉയർത്തുവാനും കർത്താവിന് കഴിയും. അതിനായി നിങ്ങളെ തന്നെ സമർപ്പിക്കുമ്പോൾ, യേശു തീർച്ചയായും നിങ്ങളെയും ഉയർത്തി മാനിക്കും!!**






# ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ!

**ക്രിസ്തുവിനുവേണ്ടി നിലനിന്ന ശിഷ്യന്മാർ എന്ന പംക്തിയിൽ ഈ മാസം നാം പൗലൊസ് അപ്പൊസ്തലനെക്കുറിച്ചാണ് ധ്യാനിക്കുവാൻ പോകുന്നത്. കഴിഞ്ഞ മാസം നാം ധ്യാനിച്ച സ്തെഫാനൊസിന്റെ മരണം അപ്പൊസ്തലനായ പൗലൊസിന്റെ ജീവിതത്തിന്റെ രൂപാന്തരത്തിന് അടിത്തറയിട്ടു. നാം ക്രിസ്തുവിനുവേണ്ടി നിലനിൽക്കുമ്പോൾ, അത് കാണുന്നവർക്ക് നമ്മുടെ ജീവിതം ഒരു മാതൃകയായിരിക്കും, അങ്ങനെ അവരും ക്രിസ്തുവിനുവേണ്ടി നിലനിൽക്കും. നമുക്കും മറ്റു വിശ്വാസികൾക്ക് മാതൃകയായിരിക്കാം (1 തിമൊഥെയൊസ് 4:12).**

അപ്പൊസ്തലനായ പൗലൊസ് യേശുവിനെ കണ്ടുമുട്ടിയപ്പോൾ, അവൻ, "കർത്താവേ, ഞാൻ എന്ത് ചെയ്യണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്" എന്ന് ചോദിച്ചുകൊണ്ട്, തന്റെ ജീവിതം പൂർണമായും സമർപ്പിച്ചു. തന്റെ ജീവിതത്തിലെ എല്ലാ ശ്രേഷ്ഠതകളെയും വെറും ചവറുകളായി കണക്കാക്കി (ഫിലിപ്പിയർ 3:11). ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നത് തന്റെ ജീവിതലക്ഷ്യമാക്കിമാറ്റി.

ക്രിസ്തുവിനുവേണ്ടി നിലനിന്ന ഓരോ ശിഷ്യനും ഈ ലോകത്തിന്റെ മഹത്വവും, പദവിയും ചവറായി കണക്കാക്കി. പഴയനിയമത്തിൽ ജീവിച്ചിരുന്ന മോശെ പോലും ഫറവോന്റെ പുത്രനായി കണക്കാക്കുന്നത് വെറുക്കുകയും ദൈവജനത്തോടൊപ്പം കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുക്കുകയും ചെയ്തു (എബ്രായർ 11:24,25). ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുകയും അതിനോട് ചേർന്നു നിൽക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് ക്രിസ്തുവിന്റെ ഉറച്ച ശിഷ്യന്മാരായി ജീവിക്കുവാൻ കഴിയില്ല.

ക്രിസ്തുവിനെ അനുഗമിച്ചതുകൊണ്ട് അപ്പൊസ്തലനായ പൗലൊസും വിവിധ പ്രയാസങ്ങളും, അവഗണനകളും, അറസ്റ്റുകളും, മർദ്ദനങ്ങളും ഏറ്റുവാങ്ങി (2 കൊരിന്ത്യർ 11:24-27). ക്രിസ്തുവിനെ പ്രസാദിപ്പിക്കുക മാത്രം മതി എന്ന് തീരുമാനിച്ച അദ്ദേഹം മരണത്തെപ്പോലും ഭയപ്പെട്ടിരുന്നില്ല.

**പ്രസാദിപ്പിക്കുക മാത്രം മതി എന്ന് തീരുമാനിച്ച അദ്ദേഹം മരണത്തെപ്പോലും ഭയപ്പെട്ടിരുന്നില്ല.**

**നമുക്കും അപ്പൊസ്തലനായ പൗലൊസിനെപ്പോലെ, ലോകത്തിന്റെ ശ്രേഷ്ഠതയെ ചവറുകളായി കണക്കാക്കുന്നവരായി, ക്രിസ്തുവിനുവേണ്ടി നിന്ദയും, അവഗണനയും സ്വീകരിക്കാം. യേശുക്രിസ്തുവിനെ സ്നേഹിക്കുകയും യേശുവിനുവേണ്ടി നിലനിൽക്കുകയും ചെയ്യുന്ന ശിഷ്യന്മാരായി ജീവിക്കുവാൻ നമുക്ക് സ്വയം സമർപ്പിക്കാം. നാം ഓരോരുത്തരും ദൈവകൃപയാലും, പരിശുദ്ധാത്മാവിന്റെ ശക്തിയാലും, ക്രിസ്തുവിനുവേണ്ടി നിലനിൽക്കുവാനായി പ്രാർത്ഥിക്കാം.....!**

# ഇത് സൗഹൃദമല്ല!

Heart Beat

ഞാൻ കോളേജിൽ മൂന്നാം വർഷം പഠിക്കുന്നു. ആദ്യ വർഷത്തിന്റെ തുടക്കത്തിൽ എനിക്ക് ഒരു സുഹൃത്തിനെ ലഭിച്ചു. അവൾ എനിക്കുവേണ്ടി എന്തും ചെയ്യുമെന്നതിനാൽ ഞങ്ങൾ രണ്ടുപേരും വേർപിരിയുവാൻ കഴിയാത്ത സുഹൃത്തുക്കളായിരുന്നു. പക്ഷേ അവൾ എന്നെ ഒരു സുഹൃത്തായി കാണാതെ, എന്നിൽ നിന്ന് മറ്റു ചില കാര്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ അവളുമായി വളരെ അടുത്തു. എന്നാൽ പിന്നീടാണ് അവൾ എന്നോട് തെറ്റായ രീതിയിലാണ് പെരുമാറുന്നത് എന്ന് ഞാൻ മനസ്സിലാക്കിയത്. എന്നെ തൊട്ടു സംസാരിക്കുന്നു, എന്നോടൊപ്പം തനിച്ചിരിക്കാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതരെ എന്നോട് സംസാരിക്കുവാൻ അനുവദിക്കാതെ, അവൾക്ക് മാത്രം എന്നോട് സംസാരിക്കണം എന്നിങ്ങനെയുള്ള ചില കാര്യങ്ങൾ എന്നെ ചിന്തിപ്പിച്ചു. ഇതൊക്കെ അറിഞ്ഞതിനുശേഷം, ഞാൻ അവളുമായുള്ള ബന്ധം അവസാനിപ്പിച്ചു. പക്ഷേ, നീ എന്നോട് സംസാരിച്ചില്ലെങ്കിൽ ഞാൻ തെറ്റായ തീരുമാനം എടുക്കുമെന്ന് അവൾ എന്നെ ഭീഷണിപ്പെടുത്തുകയാണ്. എനിക്ക് നിന്നോട് സംസാരിക്കാതിരിക്കുവാൻ കഴിയില്ല. ദയവായി എന്നോട് സംസാരിക്കൂ, എന്ന് പറയുന്നു. ഇക്കാരണത്താൽ എനിക്ക് പഠിക്കുവാൻ കഴിയുന്നില്ല. എന്റെ കോളേജ് പഠനം പൂർത്തിയാക്കാൻ കഴിയുമോ എന്ന് ഞാൻ ആശങ്കപ്പെടുന്നു. ഇതിൽ നിന്ന് ഞാൻ എങ്ങനെ രക്ഷപ്പെടും? എനിക്ക് പഠിച്ച് വിജയം നേടാനാകുമോ?

- സ്നേഹ, ഊട്ടി.

പ്രിയ സഹോദരി, താങ്കളുടെ കത്ത് വായിക്കുമ്പോൾ അൽപ്പം വേദനയും സങ്കടവും തോന്നുന്നു. ഒരു ഭാഗത്ത് സുഹൃത്തിന്റെ വേർപാട്, മറു ഭാഗത്ത് വളരെയധികം സ്നേഹിച്ച സുഹൃത്ത്, തെറ്റായ ചിന്തയോടെ ഇടപെട്ടതിന്റെ വേദന. സ്നേഹ, നിങ്ങൾക്ക് വേദനയോ സങ്കടമോ ഭയമോ തോന്നരുത്. തെറ്റായ ബന്ധമാണെന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ആ ബന്ധം അവസാനിപ്പിക്കണം. അതുകൊണ്ട് ആ ബന്ധത്തെക്കുറിച്ച് വിഷമിക്കേണ്ട. നിങ്ങൾ സഹതപിക്കാനും വീണ്ടും സംസാരിക്കുവാനും തുടങ്ങിയാൽ, ഒരിക്കലും ഉയർന്നുവരുവാൻ കഴിയാത്ത അഗാധത്തിലേക്ക് നിങ്ങൾ വീഴും. രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ള സൗഹൃദം വ്യത്യസ്തമാണ്! പക്ഷേ, ഇത്തരത്തിലുള്ള തെറ്റായ ബന്ധം അപകടകരമാണ്. ഇത് സ്വാഭാവികമാണ്, ഇതൊന്നും തെറ്റല്ല! ഇത് ഒരുതരം സ്നേഹമാണെന്നും പലരും തെറ്റായ അർത്ഥം നൽകും. അത്തരമൊരു ബന്ധം പ്രകൃതിവിരുദ്ധമാണ്. ഈ രീതിയിൽ, മോശമായി ഒരു സ്ത്രീയോട് അടുക്കുന്നത് ദുരന്തത്തിൽ മാത്രമേ അവസാനിക്കൂ. അത് പാപ പ്രവർത്തിയാണ്. കാൻസർ പോലുള്ള രോഗങ്ങൾ ശരീരത്തിലെ പല അവയവങ്ങളെയും ബാധിച്ച് ജീവൻ അപഹരിക്കുന്നതുപോലെ, ഇത്തരം വഴിവിട്ട ബന്ധം യഥാർത്ഥ സൗഹൃദങ്ങളെ ബാധിക്കുകയും, എല്ലാ സുഹൃത്തുക്കളെയും തെറ്റായ ബന്ധങ്ങളിലേക്ക് നയിക്കുകയും ചെയ്യും.



# സ്നേഹ, നിങ്ങൾ ചെയ്യേണ്ടത്...

ഈ ബന്ധത്തിൽ നിന്ന് പുറത്തുകടക്കുന്നത് വളരെ നല്ല കാര്യമാണ്. എന്നാൽ വീണ്ടും അവളെ കാണുന്നതും സംസാരിക്കുന്നതും ഒഴിവാക്കിയാൽ മാത്രമേ ഈ അപകടത്തിൽ നിന്ന് പുറത്തുകടക്കാൻ കഴിയൂ.

കുറ്റബോധത്തിന് സ്ഥാനം നൽകരുത്.

സുഹൃത്തുമായി പിരിയുന്നത് അവളെ വേദനിപ്പിക്കുമെന്ന് കരുതരുത്. പാമ്പിനെ നിസ്സാരമായി കാണരുത്. അത് നിങ്ങളെ ആക്രമിക്കുകയും നിങ്ങളുടെ ജീവനെടുക്കുകയും ചെയ്യും.



അവൾ തെറ്റായ തീരുമാനമെടുക്കുമെന്ന് ഭയപ്പെടരുത്. ദൈവിക ഉപദേശം നൽകുന്ന ഒരു വ്യക്തിയുടെ അടുത്തേക്ക് പോയാൽ നിങ്ങളുടെ സുഹൃത്തിന് ഈ അപകടകരമായ ബന്ധത്തിൽ നിന്നും ഇച്ഛയിൽ നിന്നും പുറത്തുകടക്കുവാൻ കഴിയും.

അതുകൊണ്ട് വിദ്യാർത്ഥികളോട് സ്നേഹവും, അവരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന ഒരു അദ്ധ്യാപകന്റെ അടുത്തോ, നിങ്ങളുടെ senior സഹോദരങ്ങളുടെ അടുത്തോ, അല്ലെങ്കിൽ നല്ല പ്രാർത്ഥാശീലവും ഉപദേശം നൽകുകയും ചെയ്യുന്നവരുടെ അടുത്തോ കൊണ്ടുപോയാൽ, നിങ്ങളുടെ സുഹൃത്തിനും ഈ തെറ്റായ ഇച്ഛയിൽ നിന്നും ബന്ധത്തിൽ നിന്നും പുറത്തുവരാനാകും.



നിങ്ങൾ ഇത് ചെയ്യുമ്പോൾ, വീണ്ടും നിങ്ങൾക്ക് പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ കഴി



യേശുക്രിസ്തുവിന് ക്ഷമിക്കാൻ കഴിയാത്ത ഒരു പാപവുമില്ല. കർത്താവിന്റെ രക്തത്താൽ ശുദ്ധീകരിക്കാൻ കഴിയാത്ത വലിയ പാപം ഒന്നും തന്നെയില്ല.

ഇപ്പോൾ നിങ്ങളുടെ സുഹൃത്തിന് ഒരു വിടുതൽ ആവശ്യമാണ്. ഇത് പാപപ്രവൃത്തിയാണെന്ന് അവൾ തിരിച്ചറിയണം.

ആ പാപത്തിൽ നിന്ന് പുറത്തുവരാൻ ആഗ്രഹിച്ചാൽ, യേശു തീർച്ചയായും അത്ഭുതകരമായി വിടുവിക്കും.

## സ്നേഹ, ഒരുപക്ഷേ നിങ്ങൾ ഈ കാര്യങ്ങൾ അവഗണിക്കുകയാണെങ്കിൽ...

ഈ ബന്ധം നിങ്ങളെ വളരെ അപകടകരമായ പാതയിലേക്ക് നയിക്കും.

നിങ്ങളുടെ സുഹൃത്തിനെപ്പോലെ നിങ്ങളും മാറുവാൻ സാധ്യതയുണ്ട്.

നിങ്ങൾ രണ്ടുപേർ കാരണം നിങ്ങളുടെ കോളേജിലുള്ള പെൺകുട്ടികൾ ബാധിക്കപ്പെടും. അവരിലൂടെ സമൂഹവും ബാധിക്കപ്പെടും.

ഭാവി തലമുറയും ബാധിക്കപ്പെടും. അനേകർ പാപത്തിൽ അടിമപ്പെടാൻ സാധ്യതയുണ്ട്.

അതുകൊണ്ട് ജാഗ്രത! ഇത്തരം പ്രവർത്തികൾ മുളയിലെ നുള്ളിക്കളയണം. വളരുവാൻ അനുവദിച്ചാൽ അത് ചെടിയായി, മരമായി, വേരുറപ്പിച്ച് ആൽമരമായി മാറും. അത് സമൂഹത്തെ ബാധിക്കുകയും അധഃപതനത്തിലേക്ക് നയിക്കുകയും ചെയ്യും.

പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും (യോഹന്നാൻ 8:36).

സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും (യോഹന്നാൻ 8:32).

## ഒരു ചെറിയ പരിശ്രമം

സ്നേഹ, നിങ്ങൾ ഈ കുഴിയിൽ വീഴാതെ സ്വയം സംരക്ഷിക്കുകയും, നിങ്ങളുടെ സുഹൃത്തിനെ ആ പാപത്തിൽ നിന്ന് പുറത്തുകൊണ്ടുവന്ന്, ഇനിയും ധാരാളം പെൺകുട്ടികൾ ബാധിക്കപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുക്കുകയും ചെയ്യുവിൻ. നിങ്ങളുടെ കോളേജിൽ ഒരു ചെറിയ പ്രാർത്ഥനാ ഗ്രൂപ്പ് ആരംഭിക്കുകയും, കോളേജ് കഴിഞ്ഞ് അല്ലെങ്കിൽ ഇടവേള സമയത്ത് 10 അല്ലെങ്കിൽ 15 മിനിറ്റ് പ്രാർത്ഥിക്കുവാൻ ശ്രമിക്കുവിൻ. നിങ്ങളുടെ കോളേജിൽ വലിയ മാറ്റമുണ്ടാകും. പ്രണയം, തെറ്റായ ബന്ധങ്ങൾ, ആസക്തികൾ, വിഷാദം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ, എപ്പോഴും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കഴിയും. പ്രാർത്ഥിക്കുവിൻ! ജയം പ്രാപിക്കുവിൻ!



# വിജയം നിശ്ചയം!

ദാനീയേൽ രാജാവിന്റെ വാഴ്ചയിലും പാർസിരാജാവായ കോരശിന്റെ വാഴ്ചയിലും ദാനീയേലിന്റെ പ്രവർത്തനങ്ങൾ ശുഭമായിരുന്നു (ദാനീ. 6:28). ദാനീയേൽ ജയാളിയായ ഒരു മനുഷ്യനായിരുന്നു എന്ന് വേദപുസ്തകം പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ യൗവനപ്രായത്തിൽ നിരവധി പരാജയങ്ങളും, നിരാശകളും നേരിട്ടിരുന്നു. ബാബിലോണിലെ രാജാവായ നെബൂഖദ്നേസർ ഇസ്രായേൽ ദേശത്തെ ആക്രമിച്ച് നശിപ്പിക്കുകയും, അതിലെ നിവാസികളിൽ പലരെയും അടിമകളാക്കി മാറ്റുകയും ചെയ്തു. യുവാക്കളായ ശദ്രക്, മേശക്, അബേദ്നെഗോ എന്നിവരോടൊപ്പം ദാനീയേലും അവരിൽ ഒരാളായിരുന്നു. മാതാപിതാക്കളെ നഷ്ടപ്പെട്ട് ജന്മദേശം ഉപേക്ഷിച്ച് അന്യദേശത്ത് അടിമയായി മാറിയ ഒരു യൗവനക്കാരനായിരുന്നു ദാനീയേൽ. അനുഗ്രഹീതമായ യെരുശലേമിൽ നിന്ന് അടിമകളായി ഈ രാജ്യത്തിലേക്ക് കൊണ്ടുവന്നത് നിമിത്തം തുടക്കത്തിൽ അവർ നിരാശപ്പെട്ടിരിക്കാം. എന്നാൽ അതേ ദാനീയേലിനെ കർത്താവ് ഉയർത്തി വിദ്വാന്മാർക്ക് പ്രധാനവിചാരകനാക്കി രാജാവിന്റെ അടുക്കൽ നിർത്തി. രാജാവിനെ ഉപദേശിക്കുവാൻ തക്കവിധം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിജയമായിരുന്നു എന്ന് വേദപുസ്തകം പറയുന്നു.



യൗവനത്തിൽ ആടുകളെ മേയ്ക്കുകയായിരുന്ന ദാവീദിനെ കർത്താവ് തിരഞ്ഞെടുത്ത് രാജാവാക്കിമാറ്റിയ സംഭവം വേദപുസ്തകത്തിൽ കാണാം.

അമ്മയും അച്ഛനും നഷ്ടപ്പെട്ട് അനാഥയായിപ്പോയ എസ്ഥേർ എന്ന യൗവനക്കാരി അന്യദേശത്തിൽ എങ്ങനെ അടിമയായി ജീവിക്കും എന്ന് ചിന്തിച്ചിട്ടുണ്ടാകാം. എന്നാൽ കർത്താവ് അവളെ 127 രാജ്യങ്ങളുടെ രാജ്ഞിയാക്കി അനുഗ്രഹിച്ച സംഭവം വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.



സ്വദേശത്ത് നിന്ന് തന്റെ സഹോദരങ്ങളാൽ വിൽക്കപ്പെട്ട്, അന്യദേശത്ത് അടിമയായി കൊണ്ടുവന്ന യോസേഫ് എന്ന യുവാവിനെ തന്റെ പിതാവിൽ നിന്നും വേർപെടുത്തുകയും, കഠിനമായ കുറ്റം ചുമത്തി, കാരാഗൃഹത്തിലാക്കുകയും ചെയ്തു. എല്ലാം നഷ്ടപ്പെട്ട സാഹചര്യത്തിൽ നിന്നും മിസ്രയീം രാജാവിന്റെ തൊട്ടടുത്ത സ്ഥാനത്തേക്ക് കർത്താവ് ഉയർത്തിയതും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



ഇന്നും അതേ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നിങ്ങൾ എഴുതുവാൻ പോകുന്ന പരീക്ഷയിൽ വിജയം ഉറപ്പാണ് എന്ന് കർത്താവ് നിങ്ങളെ നോക്കി പറയുന്നു. ദാനീയേലിന്റെ പ്രവർത്തികളെ വിജയിപ്പിച്ച കർത്താവ് നിങ്ങൾക്കും അങ്ങനെ ചെയ്യണമെങ്കിൽ, ദാനീയേലിന് ചില ഗുണങ്ങൾ ഉണ്ടായിരുന്നു. ആ ഗുണങ്ങൾ നിങ്ങളിലും ഉണ്ടാകണം (ദാനീയേൽ 6:4).



## കുറ്റമില്ലാത്ത ജീവിതം

ദാനീയേൽ കുറ്റക്കാരനാണ് എന്ന് പറയുന്ന രീതിയിൽ ജീവിക്കാതെ, വിശുദ്ധവും വിശ്വസ്തവുമായി ജീവിക്കുവാൻ അവൻ സ്വയം സമർപ്പിച്ചു. സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാനും, ഈ ലോകത്തെ ആസ്വദിക്കുവാനും ആഗ്രഹിച്ച് ലോകത്തിന്റെ സുഖഭോഗങ്ങളെ പിന്തുടരുന്നവരെ ദൈവത്തിന് ഉയർത്തുവാൻ കഴിയില്ല. നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധി അനിവാര്യമാണ്. കാരണം, യേശു വിശുദ്ധനായ ദൈവമാണ്. ദാനീയേൽ ആ രാജ്യത്തിൽ കടന്നപ്പോൾ തന്നെ, ഞാൻ പാപത്തിന് സ്ഥാനം നൽകുകയില്ല, എന്നെ തന്നെ അശുദ്ധമാക്കുവാൻ സ്ഥാനം നൽകുകയില്ല എന്ന് ഒരു ഉറച്ച തീരുമാനം എടുത്ത് സ്വയം സമർപ്പിച്ചതുകൊണ്ട് കർത്താവ് അവനെ ഉയർത്തി ( ദാനീയേൽ 1:8).

## പ്രാർത്ഥനാ ജീവിതം



ദാനീയേലിന് ദിവസവും 3 നേരം പ്രാർത്ഥിക്കുന്ന ശീലമുണ്ടായിരുന്നു. ആ ദേശത്തിൽ പ്രാർത്ഥിക്കുവാൻ പാടില്ല എന്ന നിയമം നിലനിൽക്കുമ്പോഴും താൻ ചെയ്തുവന്നിരുന്നതുപോലെ പ്രാർത്ഥിച്ചു. ദാനീയേലിനെപ്പോലെ നിങ്ങളും എല്ലാ ദിവസവും പ്രാർത്ഥിക്കണം. രാവിലെയും വൈകുന്നേരവും വേദപുസ്തകം വായിച്ച് കർത്താവിനെ അന്വേഷിക്കുകയാണെങ്കിൽ കർത്താവ് നിങ്ങൾക്കും വിജയം നൽകുകയും ഉയർത്തുകയും ചെയ്യും.

## വിശ്വാസ ജീവിതം

ദാനീയേൽ വിശ്വാസമുള്ളവനായിരുന്നു (ദാനീയേൽ 6:23). സിംഹങ്ങളുടെ ഗുഹയിൽ ഇട്ടാലും സിംഹം എന്നെ ഉപദ്രവിക്കില്ലെന്നും കർത്താവ് എന്നെ പുറത്തുകൊണ്ടുവരുമെന്നും വിശ്വസിച്ചു. അദ്ദേഹത്തിന് ദൈവത്തിലുണ്ടായിരുന്ന വിശ്വാസം നിമിത്തമാണ് ദൈവം അവനോടുകൂടെയിരുന്ന് വഴിനടത്തിയത്. നിങ്ങളും കർത്താവിനെ വിശ്വസിക്കുമ്പോൾ നിങ്ങൾക്കും വിജയം കൈവരിക്കാം. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ നിങ്ങൾ ലജ്ജിച്ചുപോകയില്ല. മനുഷ്യരെ വിശ്വസിച്ച്, സ്വന്തം ശക്തിയിൽ വിശ്വസിച്ച് വഞ്ചിക്കപ്പെട്ടുപോകാതെ, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവിനെ വിശ്വസിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ അനുഗ്രഹവും ഉയർച്ചയും നിങ്ങൾ കാണും.

## പരിശുദ്ധാത്മാവ്

കർത്താവ് തന്റെ പരിശുദ്ധാത്മാവിനെ അവന് നൽകി (ദാനീയേൽ 6:3) ആ പരിശുദ്ധാത്മാവിലൂടെ ശക്തിപ്പെടുത്തി നടത്തി. പരിശുദ്ധാത്മാവിൽ നിറയുമ്പോൾ കർത്താവിന്റെ ജ്ഞാനം നിങ്ങളിൽ വ്യാപരിക്കും. പരിശുദ്ധാത്മാവ് നിങ്ങൾ നടക്കേണ്ട വഴി കാണിച്ചുതരികയും, എന്ത് പഠിക്കണം എന്നും, എങ്ങനെ പഠിക്കണമെന്നും ഭാവി എന്തായിരിക്കുമെന്നും കാണിച്ചുതരുകയും ചെയ്യും. നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന് സ്ഥാനം നൽകണം.

ഈ ഗുണങ്ങളെല്ലാം ദാനീയേലിൽ കാണപ്പെട്ടതുകൊണ്ടാണ് അയാൾക്ക് വിജയകരമായ ജീവിതം നയിക്കുവാൻ കഴിഞ്ഞത് (ദാനീയേൽ 6-ാം അദ്ധ്യായം).

പ്രിയപ്പെട്ട മകനെ(ളെ), നിങ്ങളുടെ പരാജയം വിജയമായി മാറ്റുവാനും, നിരാശ അനുഗ്രഹമായി മാറ്റുവാനും യേശുവിന് കഴിയും. ഇന്ന് പരീക്ഷയെക്കുറിച്ചുള്ള ഭയം നിമിത്തം, വിശ്വാസം നഷ്ടമായിപ്പോയോ? നിങ്ങൾക്ക് ഒരു പുതിയ പ്രതീക്ഷ നൽകുവാനും നിങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ തുടക്കം കുറിക്കുവാനും കർത്താവിന് കഴിയും. പരാജയം, നിരാശ, പ്രതീക്ഷിച്ച മാർക്ക് ലഭിച്ചില്ല, ഈ വിഷയം എനിക്ക് പ്രയാസമാണ്, ഞാൻ പാവപ്പെട്ട കുടുംബത്തിലാണ്, സാമ്പത്തികവുമില്ല, മാനുഷിക സഹായങ്ങളുമില്ല എന്ന് ഭാരപ്പെട്ടിരിക്കുന്ന നിങ്ങളെ നോക്കിയാണ് കർത്താവ് പറയുന്നത്. എല്ലാം നഷ്ടപ്പെട്ട് ഒരു അടിമയായി മാറിയ യൗവനക്കാരനെ ഒരു രാജ്യത്തിന്റെ അധികാരസ്ഥാനത്തിലേക്ക് ഉയർത്തുവാൻ കഴിയുമെങ്കിൽ, നിങ്ങളെയും ഉയർത്തുവാൻ കർത്താവിന് കഴിയും. നിങ്ങളുടെ കുടുംബത്തെ ഉയർത്തുവാനും കർത്താവിന് കഴിയും.

**മക്കളേ, നിങ്ങളെ ജയാളിയും നേട്ടക്കാരുമാക്കുവാൻ കർത്താവിന് കഴിയും. ഇതുവരെ നിങ്ങൾ എങ്ങനെ ആയിരുന്നുവെന്നത് പ്രശ്നമല്ല. സ്നേഹിതരോടുകൂടെ തെറ്റായ ശീലങ്ങളിൽ ഏർപ്പെടുകയും, പഠനം നശിപ്പിക്കുകയും, സമയം പാഴാക്കുകയും, സോഷ്യൽ നെറ്റ് വ ർക്കിംഗ് സൈറ്റുകൾക്ക് സ്ഥാനം നൽകിയതുകൊണ്ട് നിങ്ങളുടെ ജീവിതം നശിക്കുകയും വിശുദ്ധി ബാധിക്കപ്പെടുകയും ചെയ്തതിനാൽ പഠിക്കുവാൻ കഴിയാതെ, നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയാതെ, ഹൃദയത്തിൽ നിരവധി പോരാട്ടങ്ങൾ നേരിടുന്ന നിങ്ങളെ നോക്കി, 'ഇന്ന് നിങ്ങളുടെ ജീവിതം എനിക്ക് തരുവിൻ' എന്ന് യേശു ചോദിക്കുന്നു. നിങ്ങളുടെ ജീവിതം കർത്താവിന് നൽകിയാൽ മതി, നിങ്ങളെ നേട്ടക്കാരനായി, ജയാളിയാക്കി മാറ്റുമെന്ന് യേശു പറയുന്നു. ഇന്ന് നിങ്ങളെ സമർപ്പിക്കുവിൻ. നിങ്ങളുടെ ജീവിതം ദാനീയേലിന്റേതുപോലെ വിജയകരമായ ജീവിതമായിമാറും. നിങ്ങൾക്ക് വിജയം നിശ്ചയമാണ്....!**




# അത്ഭുത വാർത്തകൾ

hi friends, എല്ലാവരും
സന്തോഷമായിരിക്കുന്നുവോ?
അത്ഭുത വാർത്തകൾ എന്ന പംക്തിയിലൂടെ
നിങ്ങളെ വീണ്ടും
കണ്ടുമുട്ടിയതിൽ അതിയായ സന്തോഷം.

**ഈ മാസം ഒരു Special മാസമാണെന്ന് പറയാം. എന്ത് Special എന്ന് ചോദിക്കുന്നുവോ? 'പെണ്ണായി ജനിക്കുന്നതിന് നല്ല മാസം ഉണ്ടായിരിക്കണം' എന്ന ഭാരതീയരുടെ വാക്ക് അനുസരിച്ച്, ഈ മാസം പെണ്ണായി ജനിച്ച്, നന്മയുടെ പ്രതീകമായി, സ്നേഹത്തിന്റെയും, സന്തോഷത്തിന്റെയും സുഗന്ധം പരത്തുന്ന സ്ത്രീകളുടെ മാസമായി ആഘോഷിക്കുന്നു. അതുകൊണ്ട് ഈ പംക്തി വായിക്കുന്ന എല്ലാ സ്ത്രീകൾക്കും എന്റെ വനിതാ ദിനാശംസകൾ!**

ഇത് സ്ത്രീകളുടെ മാസമായതുകൊണ്ട്, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് രണ്ട് സ്ത്രീകളുടെ ജീവിതത്തിൽ മറ്റുള്ളവർ തിരിഞ്ഞുനോക്കുന്ന തരത്തിൽ നടന്ന ഒരു അത്ഭുതമായ സംഭവത്തെ നോക്കാമോ? ബെഥാന്യ എന്ന ഗ്രാമത്തിലെ മാർത്ത, മറിയ എന്ന് പേരുള്ള രണ്ട് സോഹദരിമാർക്ക് ലാസർ എന്ന് പേരുള്ള ഒരു സഹോദരൻ ഉണ്ടായിരുന്നു. അവർക്ക് മാതാപിതാക്കളില്ല. യേശു ഈ കുടുംബത്തെ വളരെയധികം സ്നേഹിച്ചു. ഒരു ദിവസം ഇവർക്ക് ഒരു പ്രയാസം ഉണ്ടായി. അവരുടെ പ്രിയസഹോദരനായ ലാസർ രോഗശയ്യയിൽ ആണെന്നുള്ള വാർത്ത യേശുവിനെ അറിയിച്ചു. എങ്ങനെയെങ്കിലും യേശു വന്ന് തങ്ങളുടെ സഹോദരനെ സുഖപ്പെടുത്തുമെന്ന പ്രതീക്ഷയിലായിരുന്നു. എന്നാൽ യേശു നാല് ദിവസങ്ങൾക്ക് ശേഷമാണ് ലാസറിനെ കാണാൻ ബെഥാന്യ ഗ്രാമത്തിലേക്ക് വന്നത്. അപ്പോൾ ലാസർ മരിച്ചിരുന്നു. ആ രണ്ട് സ്ത്രീകളും കണ്ണുനീരോടെ നിൽക്കുമ്പോൾ, യേശു ലാസറിനെ വച്ച കല്ലറയുടെ കല്ല് തുറക്കാൻ പറഞ്ഞു 'ലാസറേ പുറത്തു വാ' എന്ന് വിളിച്ചു. ലാസർ വീണ്ടും ജീവനോടെ തിരിച്ചുവന്നു.







**ഇത് എല്ലാവർക്കും അറിയാവുന്ന ഒരു അത്ഭുതമാണല്ലോ, ഇത് എന്തിനാണ് പറയുന്നത് എന്ന് ചിന്തിക്കുന്നുവോ? ഈ അത്ഭുതം വേദപുസ്തകത്തിൽ വായിക്കുമ്പോൾ എത്രമാത്രം Stunning ആയിരിക്കും friends... നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലും സമാനമായ അത്ഭുതങ്ങൾ നടക്കുന്നുണ്ടെന്ന് ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?**

ഈയിടെ അമേരിക്കയിൽ നിന്ന് ഞങ്ങൾക്ക് അത്ഭുതകരമായ ഒരു വാർത്ത ലഭിച്ചു. അമേരിക്കയിലെ Texas സംസ്ഥാനത്തിലെ ഒരു ആശുപത്രിയിൽ ജെറമ്യാ എന്ന യുവാവ് ഡോക്ടറായി ജോലി ചെയ്യുന്നു. അവൻ യേശുവിനെ വളരെയധികം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഒരു ദിവസം ഹൃദയാഘാതം വന്ന് സംസാരശേഷിയില്ലാത്ത ഒരാളെ ജെറമ്യായുടെ മെഡിക്കൽ സംഘത്തിലേക്ക് കൊണ്ടുവന്നു. ജെറമ്യയും അദ്ദേഹത്തിന്റെ മെഡിക്കൽ സംഘവും അയാളെ രക്ഷിക്കുവാൻ cpr,shock treatment, compressions എന്നിങ്ങനെ പല ചികിത്സകൾ നൽകി തീവ്രമായി പ്രവർത്തിച്ചു. ഏകദേശം 25-30 മിനിറ്റിലധികം പ്രയത്നിച്ചിട്ടും ഫലമുണ്ടായില്ല. അയാളുടെ ഹൃദയമിടിപ്പ് നിലച്ചു. Pulse ഇല്ല. മരിച്ചു എന്ന് ഉറപ്പാക്കിയതിനുശേഷം ഡോക്ടർമാർ പ്രയത്നം അവസാനിപ്പിച്ച് പോസ്റ്റ്മോർട്ടത്തിനുവേണ്ടിയുള്ള Report എഴുതുവാൻ തയാറായി. പക്ഷേ കർത്താവ് ജെറമ്യയോട് "നീ അവനുവേണ്ടി പ്രാർത്ഥിക്കൂ" എന്ന് പറഞ്ഞു. ആ വ്യക്തിക്കുവേണ്ടി compression നൽകികൊണ്ടിരുന്ന ജെറമ്യ വിശ്വാസത്തോടെ, മരണത്തെ എതിർത്ത് "മരണമേ ഈ വ്യക്തിയുടെമേൽ നിനക്ക് അവകാശമില്ല" എന്നും "യേശുക്രിസ്തുവിന്റെ നാമത്തിൽ അവന്റെമേൽ ജീവൻ മടങ്ങിവരട്ടെ" എന്നും അധികാരത്തോടെ പ്രാർത്ഥിച്ചു.

എന്തൊരു അത്ഭുതം! ഡോക്ടറായ ജെറമ്യയുടെ കൈകളിലൂടെ ദൈവത്തിന്റെ ശക്തി മരിച്ച മനുഷ്യനിലേക്ക് വൈദ്യുതി പോലെ





പ്രവഹിച്ചു. അടുത്ത നിമിഷം ആ മനുഷ്യന്റെ ഹൃദയം പ്രവർത്തിക്കാൻ തുടങ്ങി. Pulse rate കൂടുവാൻ തുടങ്ങി. അയാളുടെ ജീവൻ മടങ്ങി വന്നു.

നാം ആരാധിക്കുന്ന യേശുക്രിസ്തു ഇന്നും ജീവിച്ചിരിക്കുന്നു എന്നതിന്റെ വലിയ തെളിവാണ് ഈ അത്ഭുതം.

കണ്ടോ friends, എല്ലാം കഴിഞ്ഞു ഇനി സാധ്യമല്ല എന്ന അവസ്ഥ ദൈവത്തിന്റെ ശക്തി സാധ്യമാക്കി. സമാനമായ സാഹചര്യത്തിലൂടെയാണ് നിങ്ങൾ കടന്നുപോകുന്നതെങ്കിൽ, ഡോ.ജെറമ്യയെപ്പോലെ വിശ്വാസത്തോടെ സാഹചര്യത്തെ നോക്കി പറയുവിൻ. നിങ്ങൾ അത്ഭുതങ്ങൾ കാണും.

യൗവനക്കാരനായ ജെറമ്യയെ കർത്താവ് ഉപയോഗിച്ചതുപോലെ, ഇന്ന് യൗവനക്കാരായ നമ്മെയും ഉപയോഗിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. അതിന് നമുക്ക് ജെറമ്യയെപ്പോലെ വിശ്വാസവും കർത്താവിന്റെ ശബ്ദം കേൾക്കുന്ന ശീലവും ആവശ്യമാണ്. ലോകത്തിന്റെ ആരവങ്ങൾ നമ്മുടെ ഉള്ളിൽ വർദ്ധിക്കുമ്പോൾ, കർത്താവിന്റെ ശബ്ദം നമുക്ക് കേൾക്കാനാവില്ല. അതുകൊണ്ട് ലോകത്തിലെ കാര്യങ്ങൾ മാറ്റിവച്ച് യേശുവിന് ഒന്നാം സ്ഥാനം നൽകി കർത്താവുമായി നമുക്ക് ഐക്യപ്പെടാം. മരിച്ചവരെ നമ്മുടെ കൈകളാൽ ഉയിർപ്പിക്കാൻ കർത്താവ് Ready ആയിരിക്കുന്നു! എന്താ നിങ്ങൾ Ready ആണോ?



# ഉയരത്തിൽ പറക്കുവിൻ

ഇന്നത്തെ ലോകത്തിൽ കാത്തിരിപ്പ് വളരെ ബുദ്ധിമുട്ടുള്ള കാര്യമായി തോന്നുന്നു. എന്നാൽ നമ്മുടെ ജീവിതത്തിലെ ദർശനങ്ങളും പദ്ധതികളും നിറവേറണമെങ്കിൽ കാത്തിരിപ്പ് വളരെ അത്യാവശ്യമാണ്. ഒരു കഴുകൻ ശരാശരി 70 വർഷം വരെ ജീവിക്കും. തന്റെ ആയുഷ്കാലത്തിന്റെ 40 വർഷം പിന്നിടുമ്പോൾ, കഴുകന്റെ നഖങ്ങൾ ദുർബലമാകാൻ തുടങ്ങുന്നതിനാൽ ഇരയെ പിടിക്കാൻ കഴിയില്ല. അതിന്റെ തൂവലുകളുടെ ഭാരം കൂടുകയും പറക്കാൻ പ്രയാസമേറുകയും ചെയ്യും. ഈ സാഹചര്യത്തിൽ അത് പഴയ അവസ്ഥയിലേക്ക് മടങ്ങുവാനായി ഉയരത്തിലുള്ള പർവതനിരകളിൽ പോയിരുന്ന് പുതിയ ചുണ്ടും, പുതിയ നഖങ്ങളും, പുതിയ തൂവലുകളും വളരുവാൻ കാത്തിരിക്കും. ഈ കാത്തിരിപ്പുകാലം കഴുകന്മാർക്ക് വളരെ വേദനാജനകമാണ്. അതെല്ലാം സഹിച്ച് കാത്തിരുന്നെങ്കിൽ മാത്രമേ കഴുകന് ശക്തി വീണ്ടെടുത്ത് വീണ്ടും ഉയരത്തിൽ പറക്കുവാൻ കഴിയൂ.

നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതികളും ദർശനങ്ങളും നിറവേറണമെങ്കിൽ, നിങ്ങളുടെ മുന്നിലുള്ള വെല്ലുവിളികൾ, കഷ്ടപാടുകൾ, നിന്ദകൾ, അപമാനങ്ങൾ ഇവയൊക്കെ സഹിക്കുകയും കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുകയും ചെയ്താൽ, കർത്താവ് തീർച്ചയായും നിങ്ങളെ ഉയർത്തും. കാത്തിരിപ്പ് എന്നത് സമയം പാഴാക്കലല്ല, ദൈവം നിങ്ങളെ രൂപപ്പെടുത്തുന്ന സമയമാണ് എന്ന് മനസ്സിലാക്കണം.

കർത്താവിന്റെ പദ്ധതി പൂർത്തീകരിക്കാൻ യോസേഫ് ഏകദേശം 13 വർഷം കാത്തിരുന്നു. ഈ കാലങ്ങളിൽ അവൻ നിരവധി കഷ്ടങ്ങൾ സഹിച്ചു. ഭാവിയെക്കുറിച്ച് വലിയ സ്വപ്നങ്ങളോടിരുന്ന



യോസേഫിന്റെ ജീവിതത്തിൽ എല്ലാം പ്രതികൂലമായിരുന്നു. ആദരിക്കേണ്ട കുടുംബം തന്നെ അവനെ അടിമയായി വിറ്റു. മിസ്രയീമിൽ നേരിട്ട അപമാനങ്ങളിലും നിരാശകളിലും അവൻ തളർന്നില്ല. കർത്താവ് തന്നിൽ വച്ചിരിക്കുന്ന ദർശനവും പദ്ധതികളും നിറവേറ്റപ്പെടാൻ എല്ലാം ക്ഷമയോടെ സഹിച്ചു. അവന്റെ കാത്തിരിപ്പ് വെറുതെയായില്ല. തക്കസമയത്ത് കർത്താവ് അവന്റെ അടിമത്തം മാറ്റി മിസ്രയീം ദേശത്തിന്റെ ഭരണാധികാരിയാക്കി മാനിച്ചു.

നിങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ പദ്ധതികൾ തീർച്ചയായും ഒരു ദിവസം യാഥാർത്ഥ്യമാകും. കാത്തിരിക്കുവിൻ. നിരാശപ്പെട്ടുപോകരുത്. എന്തെന്നാൽ, "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും" (യെശയ്യാവ് 40:31). യോസേഫ് കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുക മാത്രമല്ല, കർത്താവ് എന്നെ ഉയർത്തുമെന്ന് വിശ്വസിക്കുകയും ചെയ്തു. അതുകൊണ്ട് അവൻ ദൈവത്താൽ ഉയർത്തപ്പെട്ടു. കാത്തിരിപ്പിന്റെ നാളുകളിൽ അവൻ കർത്താവിൽ തന്നെതന്നെ ശക്തിപ്പെടുത്തുകയും ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. നിങ്ങൾക്കുവേണ്ടിയുള്ള കർത്താവിന്റെ ദർശനവും പദ്ധതിയും പൂർത്തീകരിക്കപ്പെട്ടില്ല എന്ന് വിഷമിക്കേണ്ട. കർത്താവിൽ നിങ്ങളെ തന്നെ ശക്തിപ്പെടുത്തുകയും കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുകയും നിങ്ങളെ രൂപാന്തരപ്പെടുത്തുവാൻ സമർപ്പിക്കുകയും ചെയ്യുവിൻ. കർത്താവ് തീർച്ചയായും നിങ്ങളെ കഴുകനെ പോലെ പറന്നുയരുമാറാക്കും.



യിസ്രായേൽ ജനത്തെ നയിക്കാൻ വലിയൊരു ദർശനവും പദ്ധതിയും ശൗലിനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്നു. എന്നാൽ ശൗൽ രാജാവ് തന്റെ മേൽ കർത്താവ് വച്ചിരുന്ന ദർശനം മനസ്സിലാക്കിയില്ല. തിടുക്കത്തിൽ, "ഹോമയാഗവും സമാധാനയാഗവും ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു കല്പിച്ചു; അവൻതന്നെ ഹോമയാഗം കഴിച്ചു" (1 ശമു. 13:9). തൽഫലമായി, കർത്താവിന് ശൗലിനോട് ഉണ്ടായിരുന്ന ദർശന പദ്ധതികൾ നിറവേറ്റാൻ കഴിയാതെ ദാവീദിനെ തിരഞ്ഞെടുക്കേണ്ട അവസ്ഥ ഉണ്ടായി. നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കപ്പെടണമെങ്കിൽ, നിങ്ങൾ ക്ഷമയോടെ കർത്താവിന്റെ സമയത്തിനായി കാത്തിരിക്കണം.

പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങൾ എത്ര കഷ്ടപ്പാടുകളും പ്രയാസങ്ങളും നേരിട്ടാലും ക്ഷമയോടെ കാത്തിരുന്നാൽ തീർച്ചായായും കർത്താവ് നിങ്ങളെ ഉയർത്തും. അതുകൊണ്ട് സാഹചര്യങ്ങൾ കണ്ട് നിരാശപ്പെടാതെ യോസേഫിനെപ്പോലെ കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുവിൻ. കർത്താവ് നിങ്ങളെ ഉയർത്തുന്നത് നിങ്ങൾ കാണും......!

*Seeds of Revival*

# ഉണർവിന്റെ വിത്തുകൾ



## ഡേവിഡ് സുന്ദരാനന്ദം

അന്ത്യകാല ഉണർവിനായി ജീവിക്കുന്ന യൗവനക്കാരെ! അന്നത്തെ മിഷനറിമാരുടെ ത്യാഗവും അവരുടെ സമർപ്പണ ജീവിതവും അവർ പോകുന്നിടത്തെല്ലാം വലിയ സ്വാധീനം ചെലുത്തി. താമസിക്കാൻ സ്ഥലമില്ലാതെ, ശരിയായ ഭക്ഷണമില്ലാതെ, കഠിനമായ സാഹചര്യങ്ങൾ സഹിച്ച്, ഭാഷകൾ പഠിച്ച്,







വനങ്ങളും, മലകളും, മരുഭൂമികളും തുടങ്ങി ദുർഘടമായ വഴികളിലൂടെ സഞ്ചരിച്ച് ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം പല കഷ്ടതകൾ നേരിട്ടു, നിന്ദകൾ സഹിച്ചു, പിന്തിരിഞ്ഞു നോക്കാതെ രക്തസാക്ഷികളായി. കഴിഞ്ഞ മാസം ഹെന്റി മാർട്ടിന്റെ മിഷനറി യാത്രയെക്കുറിച്ച് നാം മനസ്സിലാക്കി. ഈ മാസം തമിഴ്നാട്ടിൽ നിന്നുള്ള ഡേവിഡ് സുന്ദരാനന്ദത്തെ കുറിച്ച് അറിയാം.

ഡേവിഡ് സുന്ദരാനന്ദത്തിന്റെ യഥാർത്ഥ പേര് ചിന്നമുത്തു എന്നാണ്. അദ്ദേഹം തിരുനെൽവേലി ജില്ലയിലെ ചാത്തൻകുളം പ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ 1771-ൽ ജനിച്ചു. അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് പെട്ടെന്നുണ്ടായ അസുഖം നിമിത്തം മാതാപിതാക്കൾ മരണപ്പെട്ടു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അമ്മായിക്ക് ഇഷ്ടമാകാത്തതുകൊണ്ട്, 17-ാം വയസ്സിൽ അദ്ദേഹം വിജയരാമപുരം ഗ്രാമത്തിൽ നിന്ന് സാത്താൻകുളത്തേക്ക് നടന്നുപോയി അവിടെ നിന്ന് കരുപ്പട്ടി കയറ്റികൊണ്ടിരുന്ന കാളവണ്ടിയിൽ കയറി രാജപാളയത്തിലേക്ക് പോയി, തുടർന്ന് തഞ്ചാവൂരിലേക്ക് പോയി. തഞ്ചാവൂരിലെ ഒരു കടയിൽ ജോലിക്ക് കയറി. അപ്പോൾ ഒരു ദിവസം ക്രിസ്ത്യൻ ഫ്രെഡറിക് സ്വാട്സ് അയ്യർ തെരുവിൽ നിന്നുകൊണ്ട് നടത്തിയ സുവിശേഷഘോഷണത്തിൽ ആകൃഷ്ടനായ

അദ്ദേഹം യേശുക്രിസ്തുവിനെ കുറിച്ച് അറിയുകയും, യേശുവിനെ തന്റെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുകയും 1790ൽ ഡേവിഡ് സുന്ദരാനന്ദമായി സ്നാനമേൽക്കുകയും ചെയ്തു.

തുടർന്ന് ഡേവിഡ് സുന്ദരാനന്ദം വിശ്വാസത്തിൽ ശക്തിപ്രാപിക്കുകയും നല്ല പടയാളി എന്ന നിലയിൽ ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുകയും ചെയ്തു. സ്വാട്സ് അയ്യർ എവിടെ പോയാലും ഡേവിഡ് സുന്ദരാനന്ദത്തെയും കൂടെ കൊണ്ടുപോയിരുന്നു.

ഡേവിഡ് സുന്ദരനാനന്ദം ജന്മനാട്ടിൽ വന്ന് ക്രിസ്തുവിന്റെ സുവിശേഷം അറിയിച്ചു. തൽഫലമായി അദ്ദേഹത്തിന്റെ കുടുംബത്തിലെ 18 അംഗങ്ങൾ വിജയരാമപുരത്ത് സ്നാനം സ്വീകരിച്ചു. കർത്താവിനെ ആരാധിക്കാൻ ആലയം ആവശ്യമായതുകൊണ്ട് പന ഓലകൾകൊണ്ട് മേൽക്കൂരയുള്ള ആലയം പണിതു. ഡേവിഡ് സുന്ദരാനന്ദം സാത്താൻകുളത്തിന് ചുറ്റുമുള്ള ഗ്രാമങ്ങളിൽ സുവിശേഷവേല ആരംഭിച്ചു. ഇതുനിമിത്തം പലരും യേശുക്രിസ്തുവിനെ സ്വീകരിച്ചു. തൽഫലമായി 1797 ഒക്ടോബറിൽ ഷൺമുഖപുരത്തെ 40 പേർ സ്നാനമേറ്റു. അങ്ങനെ അവർ കർത്താവിനെ ആരാധിക്കുന്നതിനുവേണ്ടി ഷൺമുഖപുരത്ത് പനയോലകൾ കൊണ്ട് മേൽക്കൂരയുള്ള ഒരു ആലയം പണിതു. തിരുനെൽവേലിയുടെ തെക്ക് കിഴക്കൻ പ്രദേശങ്ങളിലും ഡേവിഡ് സുന്ദരാനന്ദം സുവിശേഷം അറിയിച്ചു. അതിന്റെ ഫലമായി അനേകർ ക്രിസ്തുവിനെ സ്വീകരിച്ചു. അവിടെയും ചെറിയ ആലയം പണിതു.

ഇതു ശ്രദ്ധിച്ചുകൊണ്ടിരുന്നവർ, ഡേവിഡ് സുന്ദരാനന്ദത്തിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. ചില ഗ്രാമങ്ങളിൽ പണിത ആലയങ്ങൾ അവർ തീവച്ച് നശിപ്പിച്ചു. ഗ്രാമങ്ങളിൽ നിന്ന് ക്രൈസ്തവർ ഒതുക്കപ്പെടുകയും അപമാനിക്കപ്പെടുകയും ഉപജീവനമാർഗം നിഷേധിക്കപ്പെടുകയും ചെയ്തു. ജീവനും സ്വത്തിനും ഒരു സംരക്ഷണം ഇല്ലാതിരിന്നു. പീഡനങ്ങളിൽ നിന്ന് വിടുവിക്കപ്പെട്ട് സമാധാനത്തോടെ ജീവിക്കാൻ അവർ ആഗ്രഹിച്ചു. ക്രൈസ്തവർ സുരക്ഷിതരായിരിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു ഭൂമി വാങ്ങി, ആ സ്ഥലത്ത് ക്രൈസ്തവരെ താമസിപ്പിച്ചു. 1799ൽ 28ലധികം ക്രൈസ്തവ കുടുംബങ്ങൾ വിജയരാമപുരവും ഷൺമുഖപുരവും ഉപേക്ഷിച്ച് അവിടെ വീടുകൾ പണിത് താമസമാക്കി. പൂർണ്ണമായും ക്രൈസ്തവർ ഉൾപ്പെടുന്ന ആദ്യത്തെ പട്ടണമായതുകൊണ്ട് ഡേവിഡ് സുന്ദരാനന്ദം അതിന് മുതലൂർ എന്ന് പേരിട്ടു. അത് ക്രൈസ്തവരുടെ അഭയകേന്ദ്രമായിരുന്നു. 1800 ആയപ്പോഴേക്കും 200 ക്രൈസ്തവർ ഉൾക്കൊള്ളുന്ന ഒരു ഗ്രാമമായി മുതലൂർ വളർന്നു.

1810-ൽ പാഞ്ഞാലങ്കുറിശ്ശിയിൽ നടന്ന കലാപത്തിൽ, ക്രൈസ്തവർ ആക്രമിക്കപ്പെടുകയും അവരുടെ വീടുകൾ തീയിടുകയും നിരവധി പേർ കൊല്ലപ്പെടുകയും മുതലൂർ സഭ അഗ്നിക്കിരയാകുകയും ചെയ്തു. 1802 ഏപ്രിലിനും 1803 ജൂണിനുമിടയിൽ 70 ഗ്രാമങ്ങളിൽ നിന്നുള്ള 5382 പേർ ഗുരു കർപ്പകം സത്യാനന്ദനിൽ നിന്ന് സ്നാനമേറ്റു. ഈ കാലയളവിൽ ജനങ്ങൾക്കിടയിൽ വലിയ ഉണർവുണ്ടായി. ഇതിൽ ഡേവിഡ് സുന്ദരാനന്ദത്തിന്റെ പങ്കും പ്രവർത്തനവും വളരെ വലുതായിരുന്നു. സഭ വളർന്ന് പെരുകുകയും ചെയ്തു. എതിരാളികൾ ക്രൈസ്തവരെ എത്രമാത്രം അടിച്ചമർത്തിയോ, അതേ രീതിയിൽ ക്രൈസ്തവർ വർദ്ധിച്ചുവന്നു.




എന്നിരുന്നാലും സുവിശേഷ വിരോധികൾ ക്രൈസ്തവ അഭയകേന്ദ്രങ്ങളിൽ കടന്നുകയറി, 1803 മെയ് 22ന് മുതലൂർ ഉൾപ്പെടെ നിരവധി ക്രൈസ്തവ ഗ്രാമങ്ങളിൽ നിർമ്മിച്ച സഭകളും ക്രൈസ്തവരുടെ വീടുകളും അഗ്നിയ്ക്കിരയാക്കുകയും ചെയ്തു. നിരവധി ഗ്രാമങ്ങൾ കൊള്ളയടിക്കപ്പെടുകയും നിരവധി പ്രയാസങ്ങൾ നേരിടുകയും ചെയ്തിട്ടും ക്രൈസ്തവർ പിന്മാറാതെ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ഡേവിഡ് സുന്ദരാനന്ദമാണ് അവരെ പ്രോത്സാഹിച്ചത്.

ഇതുകണ്ട് എതിരാളികൾ ഡേവിഡ് സുന്ദരാനന്ദത്തെ കൊല്ലാൻ ഗൂഢാലോചന നടത്തി. ഈ സാഹചര്യത്തിൽ, ബേത് ലഹേം എന്ന ഗ്രാമത്തിൽ നടന്ന മഹോത്സവത്തിന് പോയപ്പോൾ, എതിരാളികളുടെ പദ്ധതിപ്രകാരം , ഭക്ഷണത്തിൽ വിഷം കലർത്തുകയും, ഇതറിയാതെ ഭക്ഷണം കഴിച്ച ഡേവിഡ് സുന്ദരാനന്ദം 1806 -ൽ ബേത് ലഹേം എന്ന ഗ്രാമത്തിൽ വച്ച് 36-ാം വയസ്സിൽ അകാലത്തിൽ മരണപ്പെടുകയും ചെയ്തു. ഡേവിഡ് സുന്ദരാനന്ദം തിരുനെൽവേലിയിലെ ആദ്യത്തെ രക്തസാക്ഷിയായി.

ഇത് വായിക്കുന്ന പ്രിയ സഹോദരങ്ങളെ! ഈ കാലഘട്ടത്തിൽ നിങ്ങളുടെ ജില്ലയുടെ മിഷനറി നിങ്ങളാണ്. വരാനിരിക്കുന്ന ഉണർവിൽ സുവിശേഷം വഹിക്കുവാൻ തയാറാകുവിൻ! നിങ്ങളുടെ പ്രതിബദ്ധതയും സമർപ്പണവും അനേകരെ ക്രിസ്തുവിലേക്ക് നയിക്കും. രാജാവിനായുള്ള വേല തീക്ഷ്ണതയോടെ വ്യാപിക്കട്ടെ!





# വീണ്ടും തളിർത്ത അത്തിമരം

**പ്രിയ സ്നേഹിതരേ യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം....**
**വീണ്ടും തളിർത്ത അത്തിമരം എന്ന ഈ ചരിത്ര ലേഖനത്തിലൂടെ നിങ്ങളെ കണ്ടുമുട്ടിയതിൽ അതിയായ സന്തോഷമുണ്ട്. അത്തിമരം അതായത് ഇസ്രായേൽ രാജ്യം ആദ്യമായി രൂപപ്പെട്ടത് എങ്ങനെയാണ് എന്നതിനെക്കുറിച്ച് ഈ മാസം നാം കാണുവാൻ പോകുന്നു.**

വിഗ്രഹങ്ങളെ ഉണ്ടാക്കി ആരാധിച്ചുകൊണ്ടിരുന്ന കുടുംബത്തിലെ ഒരു വ്യക്തിയെ കർത്താവ് തിരഞ്ഞെടുത്തു. അവനോട് സംസാരിച്ചു. ഞാൻ കാണിച്ചുതരുന്ന ദേശത്തേക്ക് പോകുവാൻ കല്പനയും നൽകി. ആ കല്പന അനുസരിച്ച് ആ മനുഷ്യൻ (അബ്രഹാം) മാത്രമല്ല അയാളുടെ ഭാര്യയും പോകുന്നു.

കർത്താവ് അബ്രാമിനെ നോക്കി: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട്, ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക (ഉൽപത്തി 12:1) എന്ന് അരുളിച്ചെയ്തു. അബ്രാം തന്റെ ഭാര്യയായ സാറായിയെയും, തന്റെ സഹോദരന്റെ മകനായ ലോത്തിനെയും, തങ്ങൾ ഉണ്ടാക്കിയ സമ്പത്തുക്കളെയൊക്കെയും ഹാരാനിൽവച്ചു സമ്പാദിച്ച ആടുകളെയും കൂട്ടിക്കൊണ്ട് കനാൻദേശത്തേക്കു പോകുവാൻ പുറപ്പെട്ടു (ഉൽപത്തി 12:5). അവർ പോയ ദേശമാണ് കനാൻദേശം.

ഈ കല്പന അനുസരിച്ച അബ്രാമിനെ പിന്നീട് കർത്താവ് അബ്രഹാം എന്ന് വിളിച്ചു. അദ്ദേഹത്തിന്റെ ഭാര്യ സാറായി പിന്നീട് സാറ എന്ന് കർത്താവിനാൽ വിളിക്കപ്പെട്ടു. കർത്താവ് അബ്രാമിനു പ്രത്യക്ഷനായി നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു. തനിക്ക് പ്രത്യക്ഷനായ യഹോവയ്ക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു (ഉൽപത്തി 12:7).

"ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും" എന്ന് വാഗ്ദത്തം നൽകിയ കർത്താവ്



അവരെ എല്ലാവിധ അനുഗ്രഹങ്ങളാലും നന്മകളാലും വർദ്ധിപ്പിച്ചു. വാർദ്ധക്യത്തിൽ യിസ്ഹാക് എന്ന ഒരു തലമുറയെയും നൽകി.

സാറയുടെ മരണശേഷം പിതാവായ അബ്രഹാം യിസ്ഹാക്കിന് റിബെക്ക എന്ന മകളെ വിവാഹം കഴിച്ചു നൽകി. അബ്രഹാമിന്റെ കാലശേഷം നീതിമാന്റെ സന്തതിയായ യിസ്ഹാക്കിനെ കർത്താവ് അനുഗ്രഹിച്ചു. കർത്താവ് അവർക്ക് ഏശാവ്, യാക്കോബ് എന്നീ ഇരട്ടക്കുട്ടികളെ നൽകി. ആ രണ്ടുപേരിൽ നിന്നും കർത്താവ് യാക്കോബിനെ തിരഞ്ഞെടുത്തു.

ദൈവത്തോട് ഉദാസീനമായ ജീവിതമാണ് ഏശാവ് നയിച്ചിരുന്നത്. യാക്കോബ് ദൈവഭയത്തോടെ ജീവിച്ചു. അതുകൊണ്ട് അമ്മയായ റിബെക്ക യാക്കോബിനെ സ്നേഹിച്ചു. യാക്കോബ് അനുഗ്രഹിക്കപ്പെടണമെന്ന റിബെക്കയുടെ ആഗ്രഹം നിമിത്തം അവൾ യാക്കോബിനെ ഉപദേശിച്ച് പിതാവിൽ നിന്നും അനുഗ്രഹം നേടിയെടുത്തു.



ഇത് നിമിത്തം യാക്കോബും ഏശാവും തമ്മിൽ ശത്രുതയുണ്ടായി. എന്നെ ചതിച്ച യാക്കോബിനെ ഞാൻ കൊല്ലും എന്ന് ഏശാവ് പകയോടിരുന്നു. യാക്കോബ് രാജ്യം വിട്ട് ഹാരാനിൽ തന്റെ മാതൃസഹോദരനായ ലാബാന്റെ അടുക്കൽ അഭയം പ്രാപിച്ചു. കർത്താവ് യാക്കോബിനെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുയും ചെയ്തു. നാല് ഭാര്യമാർ, 12 കുഞ്ഞുങ്ങൾ. ഇതിൽ 11 പേരും ആൺകുട്ടികളാണ്.

ഈ സാഹചര്യത്തിലാണ് യാക്കോബ് തന്റെ മാതൃസഹോദരനിൽ നിന്നും വേർപിരിഞ്ഞ് സ്വന്തം നാട്ടിലേക്ക് മടങ്ങുന്നത്. എന്നാൽ തന്റെ സഹോദരനായ ഏശാവ് തന്നെ കൊല്ലുമെന്ന് അവൻ ഭയപ്പെട്ടിരുന്നു. ഈ സമയത്താണ് രാത്രിമുഴുവൻ ദൈവസന്നിധിയിൽ കാത്തിരുന്ന്, "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" എന്നു പറഞ്ഞ് മല്ലുപിടിച്ചത്. അപ്പോൾ കർത്താവ് അവനോട്: നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ടു നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്ന് വിളിക്കപ്പെടും എന്ന് പറഞ്ഞു (ഉൽപത്തി 32:28).

ഇസ്രായേലായി മാറിയ യാക്കോബിനോട് തന്റെ സഹോദരനായ ഏശാവിന്റെ കണ്ണുകളിൽ കർത്താവ് കൃപ തോന്നുമാറാക്കി. തന്റെ പിതാവായ യിസ്ഹാക് ജീവിച്ചിരുന്ന കനാൻ ദേശത്ത് യിസ്രായേൽ താമസമാക്കി. യിസ്രായേലിന്റെ പ്രിയപുത്രനായിരുന്ന യോസേഫിനെ സഹോദരങ്ങൾ വെറുക്കുകയും ഉപദ്രവിക്കുകയും വ്യാപാരികൾക്ക് വിൽക്കുകയും ചെയ്തു. യോസേഫിനെ അടിമയായി മിസ്രയീം ദേശത്തേക്ക് കൊണ്ടുപോയി.

യോസേഫിന്റെ സഹോദരന്മാർ തങ്ങളുടെ പിതാവായ യിസ്രായേലിന്റെ അടുക്കൽ വന്ന് തങ്ങളുടെ സഹോദരനായ യോസേഫ് മരിച്ചുവെന്ന് നടിച്ചു. മിസ്രയീമിൽ അടിമയായിരുന്ന യോസേഫിനെ കർത്താവ് മിസ്രയീമിന്റെ ഭരണാധികാരിയാക്കിമാറ്റി.

രാജ്യത്ത് എല്ലായിടത്തും ക്ഷാമം കഠിനമായി. ഈ സമയത്താണ് യിസ്രായേൽ മിസ്രയീമിൽ ധാന്യമുണ്ടെന്ന് കേട്ട് പുത്രന്മാരെ പറഞ്ഞയച്ചത്. യോസേഫ് സഹോദരന്മാരെ അറിഞ്ഞു, തന്നെ ഉപദ്രവിക്കുകയും വെറുക്കുകയും കൊല്ലുവാൻ പദ്ധതിയിടുകയും ചെയ്ത എന്റെ സ്വന്തം സഹോദരങ്ങളല്ലേ ഇവർ? എന്നിട്ടും യോസേഫ് സഹോദരങ്ങളോട് ക്ഷമിക്കുകയും അംഗീകരിക്കുകയും ചെയ്തു. തൽഫലമായി യിസ്രായേൽ (യാക്കോബ്) തന്റെ കുടുംബത്തോടെ മിസ്രയീമിലേക്ക് കുടിയേറി. (യാക്കോബ്) യിസ്രായേലിന്റെ മക്കളെ യിസ്രായേല്യർ എന്നാണ് വിളിച്ചിരുന്നത്. മിസ്രയീമിലേക്ക് പോയ യാക്കോബിന്റെ കുടുംബം ആകെ എഴുപതുപേർ ആയിരുന്നു (ഉൽപത്തി 46:27). മിസ്രയീം ദേശത്ത് യിസ്രായേൽമക്കൾ സന്താനസമ്പന്നരായി അത്യന്തം വർദ്ധിച്ചു പെരുകി ബലപ്പെട്ടു. ദേശം അവരെക്കൊണ്ടു നിറഞ്ഞു (പുറ. 1:7).

**യിസ്രായേലിനെ അനുഗ്രഹിക്കുന്നതു യഹോവയ്ക്കു പ്രസാദം (സംഖ്യാ. 24:1).**

**യിസ്രായേലിനെ അനുഗ്രഹിക്കുന്നത് കർത്താവിന് പ്രസാദമാണെങ്കിൽ നിങ്ങളും ഞാനും അനുഗ്രഹിക്കപ്പെട്ടവരാണ്. എന്തെന്നാൽ നാം വിശ്വാസത്താൽ ഇസ്രായേല്യരാണ്! ഇതാണ് ഇസ്രായേൽ തലമുറയുടെ ചരിത്രം. അടുത്ത മാസം നമുക്ക് ഇസ്രായേൽ രാജ്യത്തിന്റെ സൃഷ്ടിയുടെ ചരിത്രം കാണാം.....**




# പ്രാർത്ഥന ഡയറി

## മാർച്ച് 2025

1. ചൈനയിൽ പടർന്നു പടിക്കുന്ന പുതിയ HMPV ( Human Metab Pneumo Virus) വൈറസിന്റെ വ്യാപനം തടയാൻ ഇന്ത്യൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

2. ചൈനയിൽ HMPV ( Human Metab Pneumo Virus) വൈറസ് അതിവേഗം പടരുന്നു. HMPV വൈറസ് വായുവിലൂടെ എളുപ്പത്തിൽ പടരുന്നതുകൊണ്ട്, ആരും ബാധിക്കപ്പെടാതെ കർത്താവ് സംരക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.

3. ലോകമെമ്പാടും സ്ക്രബ് ടൈഫസ് രോഗം നിമിത്തം എല്ലാ വർഷവും 10 ലക്ഷം പേർ ബാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ഈ വൈറസ് പടരാതിരിക്കാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

4. ഈ വൈറസ് രോഗത്താൽ ബാധിക്കപ്പെട്ടവർക്ക് സൗഖ്യം ലഭിക്കുവാനും, ഇനിയൊരിക്കലും ആരെയും ബാധിക്കാതിരിക്കാനും പൂർണ്ണമായും ഇല്ലാതാകുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

5. സ്ക്രബ് ടൈഫസ് എന്ന ബാക്ടീരിയ മനുഷ്യരിൽ പിടിപെടാതിരിക്കുവാനും അത് പൂർണ്ണമായും നശിച്ചുപോകുവാനും പ്രാർത്ഥിക്കുവിൻ.

6. 1.30 കോടി അഭ്യസ്തവിദ്യരായ യൗവനക്കാർ തമിഴ്നാട്ടിൽ തൊഴിലവസരങ്ങൾ അന്വേഷിച്ച് കാത്തിരിക്കുന്നു. അവരുടെ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ജോലികൾ ലഭ്യമാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

7. വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

8. ഇസ്രായേലും ഹമാസും തമ്മിലുള്ള യുദ്ധത്തിൽ മരണപ്പെടുന്ന സൈനികർ ഒരുവശത്ത്, മറുവശത്ത് വിഷാദം നിമിത്തം ഇസ്രായേൽ സൈനികരുടെ ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. യുദ്ധം അവസാനിക്കാനും സൈനികരുടെ മാനസിക സംഘർഷം മാറുവാനും പ്രാർത്ഥിക്കുവിൻ.

9. ഇസ്രായേൽ, പലസ്തീൻ രാഷ്ട്രങ്ങളുടെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

10. ഇസ്രായേൽ, പലസ്തീൻ രാജ്യങ്ങളിൽ അനാവശ്യ മരണങ്ങൾ ഉണ്ടാകാതെ രണ്ട് രാജ്യങ്ങളിലും സമാധാനം ഉണ്ടാകുവാനായി രണ്ട് രാഷ്ട്രത്തലവന്മാരും നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

11. ഇസ്രായേൽ, പലസ്തീൻ രാജ്യങ്ങളിലെ യുദ്ധത്തിൽ അനുഭാവം പ്രകടിപ്പിക്കുന്ന രാജ്യങ്ങളുമായി സമാധാന ചർച്ചകൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

12. ഇസ്രായേൽ, പലസ്തീൻ രാജ്യങ്ങളിൽ മരണത്തിന്റെ പിടിയിൽ കഴിയുന്ന എല്ലാവരുടെയും വിടുതലിനായി പ്രാർത്ഥിക്കുവിൻ.

13. ഇസ്രായേൽ, പലസ്തീൻ രാജ്യങ്ങളിൽ നടന്ന യുദ്ധത്തിൽ മരിച്ചവരുടെ കുടുംബങ്ങളുടെ ആശ്വാസത്തിനും തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്നവർ വേഗത്തിൽ സൗഖ്യം പ്രാപിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

14. കാൻസർ രോഗം പൂർണ്ണമായും സൗഖ്യമാക്കുന്ന മരുന്നുകൾ കണ്ടുപിടിക്കാൻ, ദൈവീക ജ്ഞാനം വെളിപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.





15. കാൻസർ കോശങ്ങൾ  ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിക്കാതെ കർത്താവ് നിയന്ത്രിക്കുവാനും  സൗഖ്യം നൽകുവാനും വേണ്ടി പ്രാർത്ഥിക്കുവിൻ.

16. കാൻസർ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ എളുപ്പത്തിൽ ഭേദമാക്കാൻ കഴിയുമെന്ന് ജനങ്ങൾ ബോധവാന്മാരാകാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

17. ഏറ്റവും കൂടുതലായി കാൻസർ ബാധിക്കുന്ന ശ്വാസകോശം, ആമാശയം, കുടൽ, അന്നനാളം, സ്തനങ്ങൾ, ഗർഭപാത്രം എന്നിവ യേശുവിന്റെ രക്തത്താൽ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

18. കാൻസർ ബാധിച്ചവരെ തള്ളിക്കളയാതെ സ്നേഹിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നവരായി നമ്മുടെ സമൂഹം മാറുവാനായി പ്രാർത്ഥിക്കുവിൻ.

19. യൗവനക്കാരിൽ കണ്ടുവരുന്ന ആശയക്കുഴപ്പം, പരാജയങ്ങൾ, വിഷാദം, പ്രയാസങ്ങൾ, വിജയവും പരാജയങ്ങളും നേരിടുവാൻ കഴിയാതെ അവരെടുക്കുന്ന തെറ്റായ തീരുമാനങ്ങൾ, ആത്മഹത്യാശ്രമങ്ങൾ എന്നിവ മാറുവാനും, അവരുടെ ചിന്തകളും ആശയങ്ങളും കർത്താവ് നിയന്ത്രിക്കുവാനും, സമാധാനം ഉണ്ടാകുവാനുമായി പ്രാർത്ഥിക്കുവിൻ.

20. മാനസികാസ്വാസ്ഥ്യവും പിരിമുറുക്കവും നിമിത്തം വിഷാദരോഗികളായ യൗവനക്കാർക്ക് ശരിയായ ചികിത്സ നൽകുവാനും, ശരിയായ ജീവിതരീതി പഠിപ്പിക്കുവാനും നല്ല കൗൺസിലിംഗ് സെന്ററുകൾ ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

21. ലൈംഗികാതിക്രമത്തിന് ഇരയായ യൗവനക്കാരായ ആൺകുട്ടികളും പെൺകുട്ടികളും  ഭയം, ആശയക്കുഴപ്പം, സമ്മർദ്ദം എന്നിവയിൽ നിന്നും വിടുവിക്കപ്പെടാനും, രക്ഷ പ്രാപിക്കുവാനുമായി പ്രാർത്ഥിക്കുവിൻ.

22. മദ്യം, മയക്കുമരുന്ന്, സിഗരറ്റ്, അശ്ലീലം കാണുക, മാധ്യമങ്ങൾ എന്നിവയിൽ അടിമപ്പെട്ടിരിക്കുന്ന യൗവനക്കാരുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

23. യൗവനക്കാർക്ക് കർത്താവ് നല്ല ജ്ഞാനവും അറിവും നൽകുവാനും, അവർ കർത്താവിനെ അന്വേഷിക്കുവാനും ഉണർവിൽ കർത്താവ് അവരെ പ്രയോജനപ്പെടുത്തുവാനും പ്രാർത്ഥിക്കുവിൻ.

24. ഇന്ത്യയിൽ 38% യൗവനക്കാർ (15-29 വയസ്സ്) റോഡിലും മറ്റ് അപകടങ്ങളിലും മരണപ്പെടുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. യൗവനക്കാർ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

25.  മണിപ്പൂരിൽ കഴിഞ്ഞ വർഷം മെയ് മുതൽ മെയ്തി, കുക്കി വംശജർക്കിടയിൽ നടന്നുവരുന്ന കലാപങ്ങൾ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുവാനും, സാധാരണ നിലയിലേക്ക് മടങ്ങിവരുന്നതിനുമായി പ്രാർത്ഥിക്കുവിൻ.

26.  പൂഴ്ത്തിവച്ച തോക്കുകൾ, ഹാൻഡ് ഗ്രനേഡുകൾ ഉൾപ്പെടെ കണ്ടുകെട്ടാനും നിരോധിക്കുവാനുമായി പ്രാർത്ഥിക്കുവിൻ.

27. വംശീയ കലാപത്തിൽ 250ലധികം ആളുകൾ മരിച്ചു. കലാപം നിയന്ത്രണവിധേയമാക്കാൻ സർക്കാരിന് സാധിക്കുവാനായി പ്രാർത്ഥിക്കുവിൻ.

28. അക്രമത്തിന് പ്രേരിപ്പിക്കുകയും ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന ദുരാത്മാക്കൾ ബന്ധിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

29. സോഷ്യൽ മീഡിയയിൽ ജനപ്രിയമാകാൻ യൗവനക്കാർ നടത്തുന്ന സാഹസികതകൾ മൂലം അപകട മരണങ്ങൾ ഉണ്ടാകാതിരിക്കുവാനായി ശക്തമായി പ്രാർത്ഥിക്കുവിൻ.

30. റീലുകൾക്ക് അടിമപ്പെട്ടിരിക്കുന്ന യൗവനക്കാർ അതിൽ നിന്നും പുറത്തുവരുന്നതിനായി പ്രാർത്ഥിക്കുവിൻ.

31. കേരളത്തിൽ കാണപ്പെടുന്ന കൊലപാതകങ്ങളും, ആത്മഹത്യകളും, അപകടമരണങ്ങളും മാറിപ്പോകുവാനായി പ്രാർത്ഥിക്കുവിൻ.





# ഞാൻ ഒരു പ്രാർത്ഥനാ നായകൻ

പ്രിയപ്പെട്ട യൗവനക്കാരെ!
കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളെ വന്ദിക്കുന്നു.
വീണ്ടും ഒരു പുതിയ മാസം കാണുവാൻ സഹായിച്ച സർവ്വശക്തനായ കർ
ത്താവിനെ ഞാൻ പൂർണ്ണഹൃദയത്തോടെ സ്തുതിക്കുന്നു. "ഞാൻ ഒരു
പ്രാർത്ഥനാ നായകൻ" എന്ന തലക്കെട്ടിൽ വേദപുസ്തകം പഠിപ്പിക്കുന്ന
വിവിധ തരത്തിലുള്ള പ്രാർത്ഥനകളെക്കുറിച്ച് നാം പഠിച്ചുവരുന്നു. തന്റെ
രാജ്യത്തിലെ ജനങ്ങൾ മഹാകഷ്ടത്തിലും, യെരുശലേമിന്റെ മതിൽ
ഇടിഞ്ഞുകിടക്കുന്നുവെന്നും അറിഞ്ഞപ്പോൾ, നെഹെമ്യാവ് ദൈവത്തോടു
യാചിച്ചു പ്രാർത്ഥിച്ചതിനെക്കുറിച്ച് കഴിഞ്ഞ മാസം കണ്ടു.

## അപേക്ഷ പ്രാർത്ഥന

ചില സമയങ്ങളിൽ കർത്താവായ യേശുക്രിസ്തു നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി നകുന്നതിൽ കാലതാമസമുണ്ടാകും. ആ കാലതാമസം അംഗീകരിക്കാൻ നമുക്ക് അൽപ്പം ബുദ്ധിമുട്ടായി തോന്നിയേക്കാം. സമാനമായ ഒരു സാഹചര്യം സെഖര്യാവ് പുരോഹിതനും ഉണ്ടായി. അദ്ദേഹം ദീർഘനാളുകളായി കുട്ടികളില്ലാതിരുന്നു.

ഗബ്രിയേൽ ദൂതൻ സെഖര്യാവിന് പ്രത്യക്ഷനായി, "സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി: നിന്റെ ഭാര്യ ഏലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവനു യോഹന്നാൻ എന്നു പേർ ഇടേണം" (ലൂക്കോസ് 1:13) എന്നു പറഞ്ഞു.

സെഖര്യാവ് ഒരു കുഞ്ഞിന് വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയായിരുന്നു. കുട്ടികളില്ലാത്തത് അദ്ദേഹത്തിന് വളരെ സങ്കടമായിരുന്നു. വർഷങ്ങൾ കടന്നുപോയി. എന്തിനാണ് ഇത്രയേറെ വർഷം തടസ്സമുണ്ടായത് എന്ന് ചിന്തിച്ചാൽ, യോഹന്നാൻ കർത്താവിന്റെ മുമ്പാകെ വലിയവനായിരിക്കുമെന്ന് വചനം പറയുന്നു. യേശു ജനിക്കുന്നതിന് തൊട്ടുമുമ്പ് യോഹന്നാൻ ജനിക്കണമെന്നത് ദൈവഹിതമായിരുന്നു. അതുകൊണ്ടാണ് സെഖര്യാവിന് ഇത്രയും കാലതാമസം ഉണ്ടായത്. ഒരു ദൂതൻ സെഖര്യാവിന്റെ മുമ്പിൽ പ്രത്യക്ഷനായി അവനോട് ഭയപ്പെടേണ്ട, നീ ഇത്രയും കാലം നടത്തിവന്ന പ്രാർത്ഥനയ്ക്ക് ഉത്തരമായിരിക്കുന്നു, അതുകൊണ്ട് ജനിക്കുന്ന മകന് യോഹന്നാൻ എന്ന് പേരിടണം എന്ന് പറഞ്ഞു. യോഹന്നാൻ സ്നാപകനെ കർത്താവിനായുള്ള വഴി ഒരുക്കാനാണ് തിരഞ്ഞെടുത്തത്. യേശു തന്റെ അടുക്കൽ വന്ന് സ്നാനം ഏൽക്കണമെന്നത് ദൈവഹിതമായിരുന്നു. യോഹന്നാന്റെ ജനനത്തിൽ അനേകർ സന്തോഷിച്ചു. മരുഭൂമിയിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചത് ഇദ്ദേഹമാണ് .





ഇതുപോലെ നിങ്ങളും ദീർഘകാലമായി പ്രാർത്ഥിച്ചിരിക്കാം. കർത്താവ് ഇന്ന് നിങ്ങളെ നോക്കി, "ഭയപ്പെടേണ്ട നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി" തക്കസമയത്ത് ഞാൻ അത് ചെയ്യും എന്ന് പറയുന്നു. നിങ്ങൾ പ്രാർത്ഥിക്കുന്ന ആവശ്യങ്ങൾ വൈകുകയാണെങ്കിൽ അത് നിങ്ങൾക്ക് ലഭിക്കുമ്പോൾ വളരെ മഹത്വമേറിയതായിരിക്കും. അതുകൊണ്ട് ഭയപ്പെടാതിരിക്കുവിൻ, ലോകത്തെ കീഴടക്കിയ യേശു നമ്മുടെ പക്ഷത്തുണ്ട്.

നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ് വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തനായ കർത്താവ് പ്രാപ്തനായിരിക്കുന്നു (എഫെ. 3:20).



പ്രിയപ്പെട്ട യൗവനക്കാരെ! നിങ്ങളും ദീർഘനാളുകളായി ജോലിക്കുവേണ്ടിയോ, വിവാഹത്തിനുവേണ്ടിയോ അല്ലെങ്കിൽ മറ്റ് എന്തെങ്കിലും കാര്യത്തിനുവേണ്ടിയോ പ്രാർത്ഥിച്ചുകൊണ്ടിരിക്കാം. സെഖര്യാവിന്റെ പ്രാർത്ഥനയ്ക്ക് തക്കസമയത്ത് ഉത്തരം നൽകിയ കർത്താവിന് നിങ്ങളുടെ പ്രാർത്ഥനയ്ക്കും തക്കസമയത്ത് ഉത്തരം നൽകുവാൻ കഴിയും. നിങ്ങൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവ് നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകും. അതിനുവേണ്ടി കാത്തിരിക്കുവിൻ! തീർച്ചയായും കർത്താവ് പ്രവർത്തിക്കും!


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State.
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State.

**Kottayam**
2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# ഐസ്ക്രീം രാജ്ഞി



**യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ! മിന്നൽ വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സമയമോ, കാലമോ പ്രായമോ ആവശ്യമില്ല. ഏത് സാഹചര്യത്തിലും നേടിയെടുക്കാൻ കഴിയും എന്ന ദൃഢനിശ്ചയം ഉണ്ടായിരുന്നാൽ മതി, വിജയം കൈവരിക്കാം. അവസരം നമ്മെ അന്വേഷിച്ചുവരുന്നതുവരെ കാത്തിരിക്കാതെ, നമ്മൾ തന്നെ അവസരം ഉണ്ടാക്കണം. ഇങ്ങനെ സ്വയം അവസരം സൃഷ്ടിച്ചുകൊണ്ട് വിജയം കൈവരിച്ച നേട്ടക്കാരന്റെ ജീവിതം നിങ്ങൾക്കായി.**

രജനി ബെക്ടർ പാക്കിസ്ഥാനിലാണ് ജനിച്ചത്. ഇന്ത്യാ - പാക് വിഭജനത്തിന് ശേഷം രജനിയുടെ കുടുംബം ഇന്ത്യയിൽ സ്ഥിരതാമസമാക്കി. വിവാഹശേഷം രജനി ഭർത്താവിനൊപ്പം കുടുംബ ബിസിനസ്സ് കൈകാര്യം ചെയ്യാൻ തുടങ്ങി. രജനി വീട്ടിൽ ഐസ്ക്രീമും കേക്കും ഉണ്ടാക്കി സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും നൽകുമായിരുന്നു. രജനി തയാറാക്കുന്ന ഭക്ഷണം വളരെ രുചികരമായതുകൊണ്ട് കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും ഇടയിൽ പ്രസിദ്ധിനേടി. അങ്ങനെ 20,000 രൂപ മുതൽ മുടക്കിൽ രജനി തന്റെ പാചക വൈദഗ്ധ്യം ഒരു ബിസിനസ്സാക്കി മാറ്റി. അവരുടെ വീടിന്റെ പുറകുവശത്ത് ഒരു ചെറിയ ബേക്കറിയായി ആരംഭിച്ച ബിസിനസ്സ്, തുടർന്ന് Mrs. Bector's Food Specialities Limited എന്ന വലിയ കമ്പനിയായി മാറി. രുചിയിൽ മാത്രമല്ല, ഗുണനിലവാരത്തിലും പരമ്പരാഗത പാചകരീതിയിലും അവർ ഉപഭോക്താക്കളെ ആകർഷിച്ചു.

1985ൽ അവർ തന്റെ കമ്പനിയെ ഒരു സ്വകാര്യ കമ്പനിയായി രജിസ്റ്റർ ചെയ്തു. മകനോടൊപ്പം അവർ ഒരു വലിയ ബിസ്ക്കറ്റ് നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു. രജനിയുടെ കമ്പനി ഏറ്റവും വലിയ കമ്പനിയായി മാറി. അവരുടെ വിജയത്തോടനുബന്ധിച്ച് അവരുടെ ഭർത്താവ് ധാരാളം ഭീഷണികൾ നേരിട്ടുവെങ്കിലും അവയൊക്കെ അതിജീവിക്കുകയും നേട്ടം കൈവരിക്കുകയും ചെയ്തു.

20,000 രൂപ മുതൽമുടക്കിൽ തുടങ്ങിയ കമ്പനിക്ക് ഇപ്പോൾ 6000 കോടിയിലധികം വിപണി മൂല്യമുണ്ട്. 2021-ൽ അവർക്ക് പത്മശ്രീ ബഹുമതി നൽകി ആദരിച്ചു. ഇന്ത്യയുടെ ഐസ്ക്രീം രാജ്ഞി എന്നാണ് രജനി ഇന്ന് അറിയപ്പെടുന്നത്.

ഇത് വായിക്കുന്ന സ്നേഹിതരെ! രജനി വളരെ കഷ്ടപാടുകൾ സഹിച്ച്, നേട്ടം കൈവരിച്ച സ്ത്രീയായി ഇന്ന് ലോകമെമ്പാടും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവസരങ്ങൾ അന്വേഷിക്കുന്നതിന് പകരം, അവസരം ഉണ്ടാക്കി വിജയം കണ്ടെത്തി. നിങ്ങളും നിങ്ങൾക്കായുള്ള അവസരം സൃഷ്ടിക്കുവിൻ! വിജയിക്കുവിൻ!

